# ബൈബിൾ ട്രൂത്ത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to·

Editor
THE BIBLE TEACHER
C–22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

**Editors**


P. K. VARGHESE — J. C. CHOATE

***  ***  ***

**Published by church of christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 4 — October 1990 — No. 7


പെട്ടെന്നു ഒരു സുപ്രഭാതത്തിൽ ഇറാക്ക് കുവൈററിനെ കീഴടക്കിയപ്പോൾ ലോകം മുഴുവൻ ഞെട്ടി. എന്നാൽ അമേരിക്ക, യുദ്ധവിമാനങ്ങളും യുദ്ധക്കപ്പലുകളും കൊണ്ട് സൗദി അറേബ്യയുടെ തീരത്തു നിരത്തിയപ്പോൾ ഇതു ലോകാവസാനത്തിന്റെ ശ്രുതി എന്ന മട്ടിൽ വീഡിയോകാസററുകൾ കാണിച്ച് ദുർബ്ബലരായ മനുഷ്യരുടെ വികാരത്തെ ഇളക്കി. ദേവാലയങ്ങളിൽ പലതിലും പ്രാർത്ഥനകൾ ആണ്. ഒരാക്രമണം എവിടെയുണ്ടായാലും അതിൽ ദുരിതം അനുഭവിക്കേണ്ടി വരുന്നവർ ധാരാളമുണ്ടാകും. ഇവിടെ ഒരു കാര്യം നാം മറക്കരുത്. അതായതു ഒരിക്കൽ എല്ലാ സുഖ സൗകര്യങ്ങളും അനുഭവിച്ചു എയർ കണ്ടീഷൻ മുറിയിൽ മദ്യപിച്ച് ലക്കുകെട്ട് ദൈവത്തെ അറിയാതെ കഴിഞ്ഞിരുന്നവർ, ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ഇരക്കേണ്ട സാഹചര്യത്തിലേക്കു നീങ്ങി. സഹ മനുഷ്യരുടെ അദ്ധ്വാനശേഷിയെ ചൂഷണം ചെയ്തു സമ്പന്നന്മാരായി വിലസുന്നവർക്കു ദൈവം ഒരു പാഠം പഠിപ്പിച്ചു. കണ്ണുള്ളവൻ കാണട്ടെ, ചെവിയുള്ളവൻ കേൾക്കട്ടെ. ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകൾ അനുസരിക്കുക. വിപത്തുകൾ നിങ്ങളിൽനിന്നും അകററാൻ ദൈവത്തിനു മാത്രമെ കഴിയൂ. യുദ്ധമുണ്ടായാലും മരണം നേരിട്ടാലും അതിനെയെല്ലാം ജയിച്ച നമ്മുടെ ജയവീരനാം ദൈവം നമ്മെ രക്ഷിക്കും.

പി.കെ. വർഗീസ്

# ആരാണ് പാപി ?

## ജെ. സി. ചോട്ട്

പാപത്തെക്കുറിച്ച് അധികമൊന്നും സംസാരിക്കാത്ത ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്. പാപി എന്ന പേരിൽ അറിയപ്പെടാൻ ആഗ്രഹിക്കുന്നവർ ആരെങ്കിലും കാണുമോ? ഇല്ലെന്നാണ് എന്റെ വിശ്വാസം. മോശമായ കാര്യങ്ങൾ ചെയ്താൽ ഫലം അനാരോഗ്യമാണ്. കുററം അവരിൽ മാത്രം ചെലുത്തുന്നതു ഭംഗിയായിരിക്കയില്ല. അവരെ വളർത്തിയ സമൂഹത്തിനും അതിലൊരു പങ്കുണ്ട്. തെററുകൾ സംഭവിക്കുന്നതു ഭവനത്തിലാണെങ്കിൽ ഭവനത്തെ നയിക്കുന്നവർക്കും അതിൽ പങ്കുണ്ടെന്ന് അർത്ഥം. കുററത്തെ പ്രോത്സാഹിപ്പിക്കുകയോ കൂട്ടുനില്ക്കുകയോ ചെയ്താൽ അവർക്കും ഇതിൽനിന്നും ഒഴിഞ്ഞു മാറാവുന്നതല്ല.

ആദ്യമായി, നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും പാപം നിലനില്ക്കുന്നുണ്ട് എന്നതാണ് വാസ്തവം. നിയമത്തെ ലംഘിക്കുക എന്നതാണ് പാപം എന്നാൽ. മനുഷ്യന്റേതായാലും ദൈവത്തിന്റേതായാലും ഒരു നിയമത്തെ മറികടക്കുമ്പോൾ ഒരാൾ തെററു ചെയ്തു എന്നു നാം പറയുന്നു. പുതിയ നിയമത്തിൽ നാം വായിക്കുന്ന അപ്പൊസ്തലനായ പൗലോസ്, ഒരിക്കൽ ന്യായപ്രമാണത്തിന് കീഴ്പ്പെട്ടു ജീവിച്ചിരുന്നു. കാരണം അവൻ വളർന്നു വന്നതു ആ സാഹചര്യത്തിലായിരുന്നു. ''ന്യായപ്രമാണത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല'' എന്ന് പൗലോസ് പറഞ്ഞിരിക്കുന്നു (റോമർ 7:7). പാപം ചെയ്യുന്നവൻ എല്ലാം അധർമ്മം പ്രവർത്തിക്കുന്നു; പാപം അധർമ്മം തന്നെ. അംഗീകരിക്കേണ്ട അധികാരത്തെ നിരാകരിക്കുകയോ ആജ്ഞയെ ലംഘിക്കുകയോ ചെയ്യുമ്പോൾ അയാൾ പാപം ചെയ്തു എന്നർത്ഥം. മോശയുടെ ന്യായപ്രമാണം നിലനിന്നിരുന്ന പഴയ നിയമത്തിൻകീഴിലും ക്രിസ്തുവിന്റെ നിയമം നിലനില്ക്കുന്ന ഈ സാഹചര്യത്തിലും അതു വാസ്തവമാണ്. മാത്രമല്ല, ഒരാൾ മനുഷ്യനിർമ്മിതമായ നിയമങ്ങൾ അതായതു ഗവൺമെൻറ് ഉണ്ടാക്കിയ ചട്ടങ്ങൾ ലംഘിച്ചാൽ കുററവാളിയായി കണക്കാക്കും. ദൈവനിയമത്തിനെതിരായി വരുമ്പോൾ മാത്രം അതു പാപവും മറേറതു പാപമല്ലാത്തതും എന്നു വരുന്നില്ല. എന്നാൽ ദൈവത്തിന്റെ കല്പനകൾക്കു വിരുദ്ധമായി

മനുഷ്യർ നിയമങ്ങൾ ഉണ്ടാക്കിയാൽ അതു നാം അനുസരിക്കരുത്.

അനീതി എല്ലാം പാപം തന്നെയാണ് (1 യോഹന്നാൻ 5:17) പക്ഷേ പാപം ചെയ്യുന്ന വ്യക്തിയോ? 'പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദി മുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി. ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു; നീതി പ്രവർത്തിക്കാത്തവൻ ആരും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ നിന്നുള്ളവനുമല്ല. ദൈവത്തിന്റെ നിയമം ലംഘിക്കുന്നവനാണ് പാപി എന്നു വരുമ്പോൾ ആ നിയമം ലംഘിക്കാതിരിക്കുന്നേടത്തോളം പാപി എന്നു അയാളെവിളിക്കാൻ പാടില്ല. പക്ഷേ ഈ വകുപ്പിൽപെടുന്നവർ ആരാണ്? ശിശുക്കൾ ജനിക്കുമ്പോൾ യാതൊരു പാപവും ചെയ്യാതെ വരുന്നു. ചിലർ പറയുന്നത് ശിശുക്കളിൽ ജന്മ പാപം ഉണ്ട് എന്നാണ്. തിരുവെഴുത്ത് പറയുന്നത് ശിശുക്കൾ നിഷ്ക്കളങ്കരാണ് എന്നാണ്, അവർ തിരിച്ചറിവിന്റെ പ്രായമെത്തുമ്പോൾ, അതായതു നന്മയും തിന്മയും വിവേചിച്ച് മനസിലാക്കാനുള്ള ഒരു പ്രായമെത്തുമ്പോൾ, അവർ തിന്മയെ ഉപേക്ഷിച്ച് നന്മചെയ്യേണ്ടതിന്നു പകരം നന്മ വിട്ടുകളഞ്ഞ് തിന്മപ്രവർത്തിക്കുന്നു. മററുള്ളവരുടെ പാപം നാം അവകാശമാക്കുന്നില്ല. നാം ചെയ്യുന്ന തെററുകൾക്കു മാത്രമെ നാം ഉത്തരവാദികൾ ആകയുള്ളു.

മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട, അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട, നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും (യെഹസ്കേൽ 18:20). പാപം ചെയ്യുന്ന ദേഹി മരിക്കും എന്നാണ് ദൈവം അരുളിച്ചെയ്തിരിക്കുന്നതു. പാപത്തോടുകൂടി ജനിക്കുന്നവൻ മരിക്കുമെന്നോ, പാപം ജനിക്കുമ്പോൾ മുതൽ ഉണ്ടെന്നോ ബൈബിളിൽ ഇല്ല. 'നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ്‌വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു' എന്നത്രെ കർത്താവ് പറഞ്ഞത്. അപ്പോൾ ശേഷിക്കുന്നവർ എങ്ങനെയുള്ളവർ? തിരിച്ചറിവിലെത്തിയവർ എല്ലാം ഏതു വിഭാഗത്തിൽ പെടും? കള്ളന്മാരും കൊള്ളക്കാരും കൊലപാതകികളും വ്യഭിചാരിണികളും മാത്രമാണോ പാപികൾ? ഇങ്ങനെയുള്ള തെററുകൾ ചെയ്യാത്ത ധാരാളം പേരുണ്ടല്ലോ? അവരേയും പാപികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണോ? നല്ലവരായ ആളുകളില്ലേ എന്നും ചോദിച്ചേക്കാം. ദൈവ മുൻപാകെ എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി തീർന്നിരിക്കുന്നു. പാപം ചെയ്യാതെ നന്മ മാത്രം പ്രവർത്തിക്കുന്ന ഒരു നീതിമാനും ലോകത്തിൽ ഇല്ല. കാരണം മനുഷ്യരെല്ലാവരും ബലഹീനരാണ് തെററുകളിൽ നിന്നും സ്വന്തമായി വിമുക്തി പ്രാപിപ്പാൻ കഴിയുകയില്ല.

വീണ്ടും ചോദിക്കാം, ആരാണ് പാപി? പാപം ചെയ്യുമ്പോൾ, ദൈവകല്പന അനുസരിക്കാതിരിക്കുന്നവർ, ദൈവത്തിന്റെ ഉപദേശങ്ങളിൽ നിന്നും അതിർ കടന്നു പോകുന്നവര, ക്രിസ്തുവിന്റെ ഭാവത്തിൽ നിന്നും അപ്പുറമായി ഭാവിക്കുന്നവർ എല്ലാം പാപികളാണ്. ധർമ്മമല്ലാത്ത ഒരു പ്രവൃത്തി ഒരാൾ ചെയ്യുമ്പോഴാണ് അതു പാപമായി മാറുന്നതു എന്നു നാം കണ്ടു. അനീതി ദൈവത്തിന്റേതല്ല, പിശാചിന്റേതാണ്. ഗവൺമെന്റിനെ വഞ്ചിക്കുന്നവർ ധാരാളമുണ്ട്. അതും പാപമാണ്. ചെയ്യേണ്ടതായ ജോലി ചെയ്തിട്ടു അതിന് അനർഹമായ ഒരു തുക ചോദിച്ചു വാങ്ങുന്നവരുണ്ട്. അവരും ചെയ്യുന്നതു അധർമ്മമാണ്; സഹോദരനെ സ്നേഹിക്കാതിരിക്കുക എന്നതും പാപമായി ദൈവം കണക്കിടുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ ഈ പാപങ്ങളെല്ലാം നമ്മിലുള്ള ജഡത്തിന്റെ ഇച്ഛപ്രകാരം നിറവേററുവാനായി നാം ചെയ്യുന്നതാണ്. ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക; പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല, എന്നു ഞാൻ മുമ്പെ പറഞ്ഞതു പോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു.

(ഗലാത്യർ 5:19-21)

കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ അവരെ അറിയിക്കുന്ന മുന്നറിയിപ്പ് നമുക്കും ബാധകമാണ്. "അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നേ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ പിടിച്ചുപറിക്കാർ, എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊരിന്ത്യർ 7:9-10), ഈ പ്രവർത്തികൾ ചെയ്യുന്ന ഏതൊരു മനുഷ്യന്റേയും അവസാനം നാശമാണ്. മന്ത്രവാദത്തിലും ക്ഷുദ്രപ്രയോഗത്തിലും ആശ്രയിക്കുന്നവർ ഉണ്ട്. ഭീരുക്കളാണ് അധികവും. പള്ളിയിലും പോകും അമ്പലത്തിലും പോകും. ദൈവത്തേയും പിശാചിനേയും ഒരുമിച്ച് സേവിക്കാൻ പററുമോ? സാദ്ധ്യമല്ല. ബിംബങ്ങൾക്കു നേർച്ചയിടുന്നവർ, അവയെ കുമ്പിട്ടു നമസ്കരിക്കുന്നവർ എല്ലാം ഈ പട്ടികയിൽ ഉൾപ്പെടുന്നവരാണ്. അവരെ കുറിച്ച് യോഹന്നാൻ പറയുന്നു: "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ (വെളിപ്പാട് 21:8)

അതുകൊണ്ട് ജഡത്തിന്റെ പ്രവൃത്തികളെ ചെയ്യുന്നവർ, മോശമായതും ചീത്തയുമായ കാര്യങ്ങൾ നിർവ്വഹിക്കുന്നവർ, ദൈവത്തി

(ശേഷം 29-ാം പേജിൽ)

# ആരാണ് നല്ലവർ?

## റീനാ ജോയി കൊച്ചി

ഇന്ന് നാം കാണുന്ന ഈ ലോകത്തിൽ മനുഷ്യരെ രണ്ടായി തരം തിരിക്കാറുണ്ട്. നല്ലവരെന്നും ചീത്തയായവരെന്നും. പലരെയും നാം നല്ലവർ എന്നു പറയാറുണ്ട്. ചിലപ്പോൾ നമ്മുടെ മുമ്പിൽ നമുക്ക് അവർ നല്ലവരെന്നു തോന്നത്തക്കവിധത്തിൽ പെരുമാറിയിരിക്കാം. അല്ലെങ്കിൽ നമുക്ക് ഉപകാരങ്ങൾ ചെയ്തവരാകാം. ഏതു വിധമായാലും ബാഹ്യമായി നാം അവരെ നല്ലവർ എന്നു പറയാറുണ്ട്. ഈ ലോകത്തിന്റെ അടിസ്ഥാനത്തിൽ അവർ നല്ലവരായി നമുക്ക് തോന്നാമെങ്കിലും ഈ നല്ലവരെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു എന്നു നോക്കാം.

ആദ്യമായി നമുക്ക് അപ്പോസ്തല പ്രവർത്തി 10-ാം അദ്ധ്യായത്തിലേക്ക് വരാം. ഒന്നു മുതൽ വായിച്ചാൽ ഒരു നല്ല മനുഷ്യനെ നമുക്ക് അവിടെ കാണാം. ഒരു ഉയർന്ന പട്ടാള ഉദ്യോഗസ്ഥനായ കൊർന്നെല്യോസിനെ. അദ്ദേഹത്തിന്റെ നന്മകൾ എന്തെല്ലാമാണെന്ന് നമുക്ക് ഒന്നു പരിശോധിക്കാം. അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിന് വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോട് പ്രാർത്ഥിച്ചും പോന്നു. ഇത്രയും നന്മകൾ ഒരു മനുഷ്യനിൽ കണ്ടാൽ നാം അവനെ ദൈവത്തെപ്പോലെയും നല്ലവരിൽ നല്ലവനായും കണക്കാക്കാറുണ്ട്, ശരിതന്നെ.

തുടർന്നുവായിച്ചാൽ അവന്റെ പ്രാർത്ഥനയും ധർമ്മവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നതായി ദൈവ ദൂതൻമാർ പറയുന്നത് കാണാം, എങ്കിലും അവനിൽ എന്തോ ഒരു കുറവുള്ളതായി തെളിയുന്നു. ആ കുറവ് പരിഹരിക്കപ്പെടുവാൻ വേണ്ടിയാണ് പത്രോസിനെ വിളിച്ചുവരുത്തി അവൻ പറയുന്നത് കേൾക്കണം എന്നു ദൂതൻ കല്പിച്ചത്.

പിന്നീട് 24-ാം വാക്യം വായിച്ചാൽ പത്രോസ് ദൈവവചനം സംസാരിക്കുന്നതിനായി കടന്നു വരുന്നതായി കാണാം. കൊർന്നെല്യോസ് വചനം കേൾക്കാൻ കൂടുതൽ താല്പര്യമുള്ളവനായിരുന്നു. അതി

(ശേഷം 27-ാം പേജിൽ)

# ക്രിസ്തീയ ജീവിതം

എം. കെ. കുര്യൻ

പുതിയ നിയമ ഉപദേശാനുസരണം ക്രിസ്തുവിന്റെ സഭയോടു കർത്താവിനാൽ ചേർക്കപ്പെട്ട സമൂഹങ്ങളുടെ തുടർന്നുള്ള ജീവിതത്തെയാണ് ഇവിടെ ക്രിസ്തീയ ജീവിതമെന്നു വിശേഷിപ്പിച്ചിരിക്കുന്നത്.

എന്നാൽ ക്രിസ്തുവിന്റെ സഭയോടു കർത്താവിനാൽ ചേർക്കപ്പെടുന്നതു എപ്രകാരമാണെന്നു ആദ്യമായി നമുക്കു പരിശോധിക്കാം. ''നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും'' എന്നു തന്റെ അപ്പോസ്തലന്മാരോടു കർത്താവു കല്പിച്ചതനുസരിച്ചു അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു (മർക്കോ. 16;-5-20). അവർ പ്രസംഗിക്കുന്ന വചനം കേൾക്കണമെന്നു ആഹ്വാനം ചെയ്തു കൊണ്ടാണ് ആദ്യ സുവിശേഷ പ്രസംഗം ആരംഭിച്ചതു (പ്രവൃ: 2:22). വചനം കേൾക്കുന്നതു വിശ്വാസം വരേണ്ടതിന്നാണെന്നും അവർ പഠിപ്പിച്ചു (റോമ. 10: 17. വാക്യം 9) തുടർന്നു യേശുക്രിസ്തുവിൽ വിശ്വസിക്കണമെന്നും (പ്രവൃ: 16:31), മാനസ്സാന്തരപ്പെടണമെന്നും (പ്രവൃ. 17:30) യേശുവിനെ ഏററു പറയണമെന്നും, പാപങ്ങളുടെ മോചനത്തിന്നായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കണമെന്നും എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുമെന്നും അവർ ഉപദേശിച്ചു (റോമ. 10;9-10) (പ്രവൃ. 8:37). ഈ ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിക്കുമ്പോഴാണു ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതു (റോമ: 6:17,18). കാരണം രക്ഷിക്കപ്പെടുന്നവരെ മാത്രമാണു കർത്താവു അവന്റെ സഭയോടു ചേർക്കുന്നതു (പ്രവൃ: 2;38,47) (മർക്കോ. 16;15-16) (മത്താ. 16. 18-19).

ഇപ്രകാരം സഭയോടു ചേർക്കപ്പെട്ട സമൂഹങ്ങളുടെ ജീവിതമാണു ക്രിസ്തീയ ജീവിതം. ഈ സമൂഹങ്ങൾ ജീവിക്കുന്നതു ഭക്ഷണം കൊണ്ടു മാത്രമല്ലാ. ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനം

കൊണ്ടും ജീവിക്കുന്നു. ആ വചനമാണ് സത്യവേദപുസ്തകം (മത്താ. 14:4). എന്നാൽ നിയമപരമായി അവർ അനുസരിക്കേണ്ടതു പുതിയ നിയമ കല്പനകളും ഉപദേശങ്ങളും മാത്രമാണു (മത്താ.28;18-20). ഈ പുതിയനിയമം ദൈവനീതിയുടെയും, ദൈവകൃപയുടെയും സന്ദേശമാണു (റോമ.3:20-22) (പ്രവൃ14:3). കൂടാതെ ക്രിസ്തുവിന്റെ ന്യായപ്രമാണം, (ഗലാ 6:2), സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം (യാക്കോ.1:25) (2:12), ക്രിസ്തുവിന്റെ ഉപദേശം (2 യോഹ 8,9), ക്രൂശിന്റെ വചനം (1 കൊരി.1:18), ജീവന്റെ ആത്മാവിന്റെ പ്രമാണം (റോമ.8:2), ക്രിസ്തുവിന്റെ സുവിശേഷം (2 കൊരി 2:12) എന്നീപ്രകാരമെല്ലാം പുതിയ നിയമത്തെ വിശേഷിപ്പിച്ചിരിക്കുന്നു. ഈ പുതിയ നിയമം സാക്ഷാൽ ദൈവവചനമാകുന്നു (1തെസ്സ.2:13). ആയതിനാൽ പുതിയ നിയമ കല്പനകൾ മാത്രം അനുസരിക്കയും, പഴയനിയമവും പുതിയ നിയമവും പഠിച്ചു കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുക എന്നതാണ് ക്രിസ്തീയ ജീവിതത്തിൽ പ്രഥമലക്ഷ്യം (2 പത്രോ 3:14-18). ഈ ജീവിതത്തിന്റെ ഫലം വിശുദ്ധീകരണവും അന്തം നിത്യജീവനും ആകുന്നു(റോമ.6:22). ഇപ്രകാരമുള്ള ഒരു ജീവിതത്തിനുഅമിതപ്രാധാന്യം നല്കികൊണ്ടാണുക്രിസ്തീയ ജീവിതം ഒരുയാഥാർത്ഥ്യമാക്കേണ്ടത് (2 പത്രോ. 1:1-11).

ന്യായപ്രമാണം അഥവാ പഴയ നിയമത്തെ 'പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം' എന്നു വിശേഷിപ്പിച്ചിരിക്കുന്നു (റോമ. 8:2). ഇപ്രകാരമുള്ള ഒരു ന്യായ പ്രമാണത്തിൻ കീഴിൽ ഇരിക്കുമ്പോൾ നന്മ ചെയ്യുവാൻ ആഗ്രഹിക്കുന്നവർക്കു അതു പൂർണ്ണമായി നിറവേററുവാൻ സാധിക്കുന്നില്ല. മനുഷ്യന്റെ ഈ അവസ്ഥ ശിക്ഷാവിധിക്കു കാരണമായി ഭവിക്കയും ചെയ്യുന്നു. അതുകൊണ്ടാണു 'ന്യായ പ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും ദൈവ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ലെന്നു സ്പഷ്ടമായി പഠിപ്പിക്കുന്നതു (റോമ.3:20) (ഗലാ 3:11) (യാക്കോ 2:10) (റോമ 7;7,24), 8;1) ന്യായപ്രമാണത്തിൻ കീഴുള്ള ഒരു ജീവിതമല്ല ക്രിസ്തീയ ജീവിതം (റോമ. 6:14), (7:2:6), (8:2), (ഗലാ. 3.23-20 വാക്യം 18) എന്തു കൊണ്ടെന്നാൽ അവരെ പുതിയ നിയമം സ്വതന്ത്രരാക്കിയിരിക്കുന്നു. )യോഹ 8:31,32), റോമ 6:17,18), (8:2) (ഗലാ 4:21,31 (5:1) 'ഞാൻ അവർക്ക് ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചു കളഞ്ഞു എന്നു യഹോവയുടെ അരുളപ്പാട്' എന്ന ന്യായപ്രമാണത്തിൻ കീഴുണ്ടായിരുന്നവരെക്കുറിച്ചു പഠിപ്പിക്കുന്നു. എന്നാൽ അതേക്കുറിച്ചു ക്രിസ്ത്യാനികളോടു പറയുന്നു 'അതുകൊണ്ടു സഹോദരന്മാരേ നാം ദൈവത്തിന്നു ഫലം കായ്ക്കുമാറു മരിച്ചിട്ടു ഉയിർത്തെഴുന്നേററവനായ വേറൊരുവന്നു ആകേണ്ടതിന്ന് നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു.........

അവർ ന്യായ പ്രമാണത്തിൽ നിന്നു ഒഴിവുള്ളവരായിരിക്കുന്നു. മാത്രമല്ല, പഴയ നിയമ പ്രമാണത്തിൽ നിന്നു ഒഴിവുള്ളവരായിരിക്കുന്നു. മാത്രമല്ല പഴയ നിയമം പോലെയല്ല പുതിയ നിയമമെന്നും പഠിപ്പിക്കുന്നു (യിരമ്യ 31: 31-33; റോമ 7: 2:6)

എങ്കിലും പുതിയ നിയമം പോലെ തന്നെ പഴയ നിയമവും പഠിക്കേണ്ടതു ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചക്കും നില നില്പിനും അത്യന്താപേക്ഷിതമാണ്. പഴയ നിയമത്തിലെ പത്തു കല്പനകളും മററു നിയമങ്ങളും ക്രിസ്ത്യാനികളെ ഭരിക്കുന്നില്ല. എന്നു പറയുമ്പോൾ നാമധേയ വിഭാഗങ്ങൾ അത്ഭുതപ്പെട്ടു പോകുന്നു. നിയമ പരമായി ഈ രണ്ടു നിയമങ്ങളും തമ്മിലുള്ള അന്തരത്തെക്കുറിച്ചും, നിയമപരമായി പഴയ നിയമത്തിനുണ്ടായ മാററത്തെക്കുറിച്ചും അവർ മനസ്സിലാക്കുന്നില്ല ഗണ്യമാക്കുന്നതുമില്ല എന്നു തെളിയുന്നു (എബ്രാ 2:1-4), (8:7-13), (10:1-25). പഴയ നിയമത്തിൻ കീഴിലിരുന്നവരോടു യേശു ക്രിസ്തു പറഞ്ഞു "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" പഴയ നിയമ പ്രകാരമുള്ള ജീവിതം അദ്ധ്വാനവും ഭാരവുമുള്ളതായിരുന്നതിനാൽ അവർ തളർന്നു പോയിരുന്നു എന്നു മനസ്സിലാക്കാം (റോമ. 7:7-24). അതുകൊണ്ടു "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏററു കൊണ്ടു എന്നോടു പഠിപ്പിൻ: എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു." പുതിയ നിയമ കല്പനകൾ മൃദുവും അതിലെ ഉപദേശങ്ങൾ ലഘുവുമാകുന്നു എന്നർത്ഥം (മത്താ.11:28-30).

"ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല" എന്നു പഠിപ്പിക്കുന്നു (ഗലാ. 5:16). ജഡമോഹം എന്നു പറയുമ്പോൾ അതു വ്യഭിചാര കുററത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല. സ്വാർത്ഥത, ദ്രവ്യാഗ്രഹം, ആഡംബരം, മുതലായവയിൽ നിന്നും ഉടലെടുക്കുന്ന മോഹങ്ങളും ഉൾപ്പെടുന്നു. ക്രിസ്തീയ ജീവിതത്തിലും ഇപ്രകാരമുള്ള മോഹങ്ങളുണ്ടാവാൻ സാദ്ധ്യതകളുണ്ടെന്നു ഈ വേദഭാഗത്തു നിന്നും മനസിലാക്കാം. എന്നാൽ ആത്മാവിനെ അനുസരിച്ചു നടക്കുന്ന ക്രിസ്തീയ ജീവിതത്തിൽ ഈ വക മോഹങ്ങളെ നിവർത്തിക്കാതിരിക്കുവാൻ തക്കവണ്ണമുള്ള ശക്തിയാണു ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽക്കൂടി ലഭിക്കുന്നതു. അതുകൊണ്ടാണ്, 'ആത്മാവിനെ അനുസരിച്ചു നടക്കുന്നു എങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല' എന്നു പഠി

(ശേഷം 21-ാം പേജിൽ)

# നേർവ്വീഥിയിൽ നഷ്ടപ്പെട്ട ഒരാൾ

(കഴിഞ്ഞലക്കം തുടർച്ച)

## പശ്ചാത്താപമുള്ളവനായിരുന്നു

കർത്താവിന്റെ ദർശനത്തിനുശേഷം അവൻ മൂന്നു ദിവസം കണ്ണുകാണാതെയും തിന്നുകയോ കുടിക്കുകയോ ചെയ്യാതെയും ഇരുന്നു (പ്രവൃത്തി.9;9). ആളുകളുടെ ജീവിതത്തിനുണ്ടാകുന്ന മാററമോ ജീവിതരീതിയിൽ പെട്ടെന്നുണ്ടാകുന്ന വ്യതിയാനമോ വീണ്ടും ജനനമായി കരുതുന്ന പലരുണ്ട്. ശൗൽ കർത്താവിനെ കണ്ടു: അവന്റെ ശബ്ദം കേൾക്കുകയും തിരിച്ചറിയുകയും മൂന്നുദിവസം അവന്റെ ജീവിതത്തിൽ മാററവും കാണുകയുമുണ്ടായി. മതപരമായ എരിവു പ്രകടിപ്പിച്ചിരുന്നവനായിരുന്നു ഒരിക്കൽ. അതായത് ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു അവൻ. അങ്ങനെയുള്ള ഒരു തീവ്രവാദിക്കാണ് ഈ മാററം സംഭവിച്ചിരിക്കുന്നത്. ഈ പരിവർത്തനത്തെ കണ്ട് പലരും വീണ്ടും ജനനമെന്നു തെററിദ്ധരിച്ചിരിക്കാം. അവൻ തന്റെ പാപങ്ങളിൽനിന്നു മോചിതനാകാൻ എന്തുചെയ്യണമെന്ന് അവന് അരുളപ്പാട് അപ്പോഴം വരെ ലഭിച്ചിട്ടില്ലായ്കയാൽ അവൻ പാപിയായി തന്നെ ഇരുന്നു. ധാർമ്മികമായി ഒരു നല്ല ജീവിതം അയൽക്കാരുടെ മദ്ധ്യേയും സമൂഹത്തിന്റെ മദ്ധ്യേയും അഭിനന്ദനാർഹം തന്നെയാണ്. അതോടൊപ്പം പ്രാധാന്യമുള്ള ഒന്നാണ് ദൈവവചനം അനുസരിക്കുക എന്നതും.രക്ഷക്കായി നൽകപ്പെട്ടിരിക്കുന്ന ആവശ്യങ്ങളും എല്ലാം നിറവേററുകയാണ ശരിയായി പറഞ്ഞാൽ ധാർമ്മിക നീതി. പശ്ചാത്താപം എന്നതുമൊത്തത്തിൽ പറഞ്ഞിരിക്കുന്നതിന്റെ ഒരു ഭാഗം മാത്രമെ ആകുന്നുള്ളു.

## അവൻ പ്രാർത്ഥിക്കുന്നവനായിരുന്നു

ശൗൽ യൂദയുടെ വീട്ടിലാണെന്നും അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണെന്നും കർത്താവ് അനന്യാസിനോട് പറഞ്ഞിരുന്നു (പ്രവൃത്തി 9:11). പ്രാർത്ഥിച്ചുകൊണ്ടിരുന്നുവെങ്കിലും അവൻ അപ്പോഴും തന്റെ പാപത്തിൽ തന്നെയായിരുന്നു. കാരണം അവൻ എന്തുചെയ്യണമെന്ന് അനന്യാസ് നിർദ്ദേശിച്ചിരുന്നില്ല. ദൈവം ആരോടും തന്റെ സന്ദേശം നേരിട്ടു പ്രസ്താവിക്കാതെ സന്ദേശവാഹകരിൽ കൂടെയാണ് അറിയിക്കുന്നത്. ആ സന്ദേശം അനുസരിക്കുകയാണ് മനുഷ്യരുടെ ധർമ്മം.

പലപ്പോഴും ആളുകൾ പറയുന്നതുകേൾക്കാം. നിങ്ങളുടെ പ്രശ്നമെന്തുതന്നെയായാലും മുട്ടിൻമേൽ നിന്നു കണ്ണുനീരോടെ പ്രാർത്ഥി

ക്കു എല്ലാം ആതോടുകൂടെ ശരിയാകും എന്ന്. എങ്കിൽ എന്തു കൊണ്ട് ശൗലിന്റെ പ്രാർത്ഥനയിൽ അവന്റെ പാപം നീങ്ങിയില്ല? കാരണം പരിവർത്തനം പ്രാർത്ഥനയാൽ ഉളവാകുന്ന ഒന്നല്ല. ഒരു വ്യക്തിയുടെ ആത്മിയ ജീവിതത്തിലെ സുപ്രധാനമായ ഒന്നാണ് പ്രാർത്ഥന. പക്ഷേ അതു അനുസരണത്തിനു പകരമാവുകയില്ല. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു എന്നതും ശരിയാണ്. പക്ഷേ ശൗൽ പശ്ചാത്തപിച്ചതു കൊണ്ടോ പ്രാർത്ഥിച്ചതുകൊണ്ടോ നീതിമാനായി തീർന്നില്ല.

## ഉപസംഹാരം

തർസൊസുകാരനായ ശൗൽ പൗലോസ് ആയി മാറിയശേഷം ക്രിസ്ത്യാനികളെ ഉപദ്രവിച്ചുകൊണ്ടിരുന്ന താൻ എങ്ങനെ പരിവർത്തനത്തിനിരയായി എന്നു വിവരിക്കുന്നുണ്ട് (പ്രവൃത്തി. 22:4-16). അനന്യാസ് വന്നു കർത്താവിന്റെ വചനങ്ങളെ ശൗലിനോടു അറിയിച്ചു. പൗലോസ് അതു പ്രത്യേകമായി എടുത്തുപറയുന്നുണ്ട്. 'ഇനി താമസിക്കുന്നതു എന്ത്? എഴുന്നേററു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനമേററു നിന്റെ പാപങ്ങളെ കഴുകിക്കളയുക. എന്നു പറഞ്ഞു (പ്രവൃത്തി 22:16). ഉടനെ അവൻ എഴുന്നേററു സ്നാനമേററു എന്നു നാം വായിക്കുന്നു (പ്രവൃത്തി. 9:18). നേർവീഥിയിൽ ഒരിക്കൽ നഷ്ടപ്പെട്ടവനായിരുന്നു ശൗൽ. എന്നാൽ കർത്താവിന്റെ വചനത്തോട് പ്രതികരിച്ച് അതിനെ അനുസരിച്ചപ്പോൾ അവൻ രക്ഷ പ്രാപിച്ചവനായിതീർന്നു. ഇതു സകല മനുഷ്യർക്കും ഒരു ദൃഷ്ടാന്തമാണ്.

# കുടുംബ പ്രശ്നങ്ങളും പരിഹാരവും

പ്രിയ സാർ,

ഞാൻ 18 വയസ്സു പ്രായമുള്ള ഒരു കോളേജു വിദ്യാർത്ഥിനിയാണ്. എനിക്കു മാതാപിതാക്കളും സഹോദരങ്ങളും ഉണ്ട്. ബൈബിൾ ട്രൂത്തിൽ ഞങ്ങളുടെ കുടംബ പ്രശ്നങ്ങൾ എഴുതിയാൽ അതു വായിച്ച് പ്രശ്നം കൂടുതൽ വഷളാകുമെന്നു പറഞ്ഞ് പലരും എന്നെ നിരുത്സാഹപ്പെടുത്തി. പക്ഷേ എന്നെയും എന്റെ കുടും

ബത്തേയും കുറിച്ചു കരുതലുള്ള ഒരാൾ എന്നെ പ്രോത്സാഹിപ്പിച്ചിട്ടാണ് ഈ കത്തെഴുതുന്നത്.

എന്റെ മാതാപിതാക്കൾ നല്ല സാമ്പത്തികമായ അവസ്ഥയിൽ കഴിഞ്ഞിരുന്നവരാണെന്നു അവരുടെ സംസാരത്തിൽ നിന്നും ഞങ്ങൾ മനസ്സിലാക്കി. എന്റെ അച്ഛനും അമ്മയും തമ്മിൽ യാതൊരു സ്വരച്ചേർച്ചയുമില്ല. വഴക്കില്ലാതെ കഴിയുന്നതു അവർക്കു പ്രയാസം. അതു കണ്ടു ജീവിക്കുവാൻ ഞങ്ങൾക്കു പ്രയാസം. അച്ഛൻ എത്ര തന്നെ മദ്യപിച്ചാലും ഞങ്ങളെ (മക്കളെ) ചീത്ത വിളിക്കുകയോ ശകാരിക്കുകയോ ചെയ്യാറില്ല. എന്നാൽ അമ്മയെ അസഭ്യം പറയുകയും മർദ്ദിക്കുകയും ചെയ്യുന്നു. ഓർമ്മ വെച്ചനാൾ മുതൽ ഞങ്ങൾ ഇത് കാണുകയും കേൾക്കുകയുംചെയ്യുന്നു. പലരും അവരെ ഉപദേശിച്ചിട്ടുണ്ട്. പക്ഷേ യാതൊരു ഫലവുമുണ്ടായില്ല. അമ്മ, മുതലെല്ലാം നശിപ്പിക്കുന്നുവെന്നതാണ് അച്ഛന്റെ മുഖ്യമായ പരാതി. എന്റെ അമ്മ ഒരു ധർമ്മിഷ്ടയല്ലെങ്കിലും ആരു വന്നു സങ്കടം പറഞ്ഞാലും ഉള്ളതു എടുത്തുകൊടുക്കും. അതു അവരുടെ ഒരു ബലഹീനതയാണ്. ഞങ്ങൾ എത്ര പറഞ്ഞാലും അതു മാറ്റുന്നില്ല. അമ്മ പറയുന്നതു അച്ഛനോ അച്ഛൻ പറയുന്നതു അമ്മയോ കേൾക്കാറില്ല എന്നതു വാസ്തവമാണ്, പലപ്രാവശ്യം അമ്മ പിണങ്ങി പോയിട്ടുണ്ട്. എന്നാൽ ഞങ്ങളെക്കുറിച്ചുള്ള വിചാരം വരുമ്പോൾ വീണ്ടും വരും.

ഞങ്ങളുടെ വിദ്യാഭ്യാസത്തെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. പ്രായപൂർത്തിയാകാത്ത എന്റെ അനിയന്മാർക്ക് എന്തു ചെയ്യാൻ കഴിയും? അവരും ഞാനും പലപ്പോഴും കണ്ണുനീർ കുടിച്ചു കഴിയുന്നു. ഇപ്പോൾ ഞങ്ങളുടെ മനസ്സും ഹൃദയവും കല്ലുപോലെയായി. എന്തു നടന്നാലും, ഒന്നും നടക്കുന്നില്ലെന്ന മട്ടിൽ കഴിയുന്നു. എല്ലാം വിധിയാണു മക്കളെ എന്നു പറഞ്ഞ് ബന്ധുക്കളും അയൽക്കാരും ഞങ്ങളെ ആശ്വസിപ്പിക്കാറുണ്ട്. അയൽക്കാരെല്ലാം ഈ സംഭവങ്ങളിൽ ഞങ്ങളോടു കരുണയുള്ളവരാണ്. പക്ഷേ ഈ കാര്യത്തിൽ അവരാരും ഇടപെടുന്നതു അച്ഛനു ഇഷ്ടമല്ല. അച്ഛന്റെയും അമ്മയുടെയും സ്വഭാവത്തിനും മാറ്റം കിട്ടണേ എന്നു ഞങ്ങൾ ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കുന്നുണ്ട്. ഈ നരക തുല്യ ജീവിതത്തിൽ നിന്നു ഞങ്ങൾക്കൊരു മോചനമില്ലേ? ഞങ്ങളെ ദൈവം എന്തിനു വേണ്ടി സൃഷ്ടിച്ചു എന്നുപോലും തോന്നിപ്പോയിട്ടുണ്ട്. ആഹാരത്തിനോ വസ്ത്രത്തിലോ ഞങ്ങൾ ബുദ്ധിമുട്ടിയിട്ടില്ല. പക്ഷേ മാതാപിതാക്കളുടെ ഹൃദയം തുറന്ന സ്നേഹമോ സംസാരമോ കേട്ടു സന്തോഷിക്കാൻ എന്നെങ്കിലും സാധിക്കുമോ? ഈ കഷ്ടതയെല്ലാം ഞങ്ങൾ അനുഭവിക്കേണ്ടി വന്നതു എന്തു കൊണ്ടാണ് സാർ? ഈ പ്രശ്നം പരിഹരിച്ചു കിട്ടുവാൻ ഞങ്ങൾ എന്തുവേണമെങ്കിലും ചെയ്യാം. ഞങ്ങൾക്കു വേണ്ട പ്രായോഗിക നിർദ്ദേശം തന്നു ഞങ്ങളെ സഹായിച്ചാൽ സാറിനെ ദൈവം അനുഗ്രഹിക്കും.

എന്ന്
ഒരു പെൺകുട്ടി

## പരിഹാരം

മാതാപിതാക്കൾ ചെയ്യുന്ന അപരാധങ്ങൾ ചെറുതോ വലുതോ എന്നു ഗണ്യമാക്കാതെ അതിന്റെ ഫലം അനുഭവിക്കേണ്ടിവരുന്നു. നിർഭാഗ്യവാന്മാരും നിർഭാഗ്യവതികളുമായ കുട്ടികൾ നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്. ആദാമിന്റെ പാപം നിമിത്തമാണ് ഈ ദുരിതമെല്ലാം അനുഭവിക്കേണ്ടി വന്നത് എന്ന ഒഴിവു കഴിവു പറഞ്ഞുകേൾക്കാറുണ്ട്. എന്നാൽ വ്യക്തിപരമായി ഓരോരുത്തർ ചെയ്യുന്ന പ്രവൃത്തികളെ ആരും പരിശോധിക്കാറില്ല. സ്നേഹശൂന്യതയുടെ അകത്തിൽ നിന്നും മാതാപിതാക്കളുടെ ശണ്ഠക്കു കാരണം മുഴുവൻ വ്യക്തമാകുന്നില്ല. അവർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ വിവാഹം കഴിഞ്ഞപ്പോൾ തന്നെ തുടങ്ങിയതാണോ അതോ കുട്ടികൾ ജനിച്ച ശേഷമാണോ എന്നതു അറിഞ്ഞിരുന്നെങ്കിൽ കുറച്ചു കൂടെ സ്പഷ്ടമായേനേ. വിവേകശൂന്യരാണ് വഴക്കിടുന്നതു. കാര്യങ്ങൾ പറഞ്ഞ് ധരിപ്പിക്കുവാൻ കഴിയാതെ വരുമ്പോൾ ആണ്, ആളുകൾ കോപിച്ച് സംസാരിക്കുന്നതു. അതിലും അടങ്ങാതെ വരുമ്പോൾ അതു പ്രയോഗത്തിൽ കൊണ്ടുവരുന്നു. ഇതാണു പല ഭവനങ്ങളിലും കാണുന്ന കലഹങ്ങൾക്കു കാരണം. ശണ്ഠയിടുന്ന ഒരാളോടു കൂടെ താമസിക്കുമ്പോൾ മാനസികമായി ആർക്കും വിഷമമുണ്ടാകും; കുട്ടികളെ നേർവഴിക്കു നയിക്കേണ്ട മാതാപിതാക്കന്മാർ തെററായ വഴിയിൽ പോകുമ്പോൾ അതെത്ര ഖേദകരമാണെന്ന് ചിന്തിക്കുക.

കുട്ടിയുടെ അഛന് അമ്മയെ സ്നേഹിക്കുവാൻ കഴിയാത്തതിനു മററു കാരണങ്ങൾ കണ്ടേക്കാം. പരസ്പരം അവർ വിട്ടുവീഴ്ചക്കു വിധേയമാകാതെ പററുകയില്ല. ഒന്നുകിൽ ഭർത്താവ് അല്ലെങ്കിൽ ഭാര്യ താഴുക തന്നെ ചെയ്യണം. കുററമോ കുറവോ കണ്ടുപിടിക്കുന്നതിലല്ല; മറിച്ച് അതിനെ തിരുത്തുവാൻ സഹായിക്കുന്നതിലാണ് നമ്മുടെ സാമർത്ഥ്യം കാണിക്കേണ്ടതു. സ്വാർത്ഥത ഉപേക്ഷിക്കുക ക്ഷമിക്കുവാനും പൊറുക്കുവാനും കഴിഞ്ഞാൽ മാത്രമേ ജീവിതത്തിനു സ്വസ്ഥത ലഭിക്കയുള്ളു. വിദ്വേഷവും വൈരാഗ്യവും വെച്ചു പുലർത്തിയാൽ അതുകൊണ്ട് നിങ്ങൾക്കെന്തൊരു ഫലമുണ്ട്? ഭാര്യയായാലും ഭർത്താവായാലും സഹോദരങ്ങളായാലും മററുള്ളവരുടെ വിഷമങ്ങൾ മനസിലാക്കണം. മററുള്ളവരെ വേദനിപ്പിക്കുന്ന ജീവിതശൈലി ഉപേക്ഷിക്കുക. സ്നേഹത്തിലും സന്തോഷത്തിലും ജീവിക്കുവാൻ ദൈവം നൽകിയിരിക്കുന്ന അവസരത്തെ നിങ്ങൾ കൈയ്പു നിറഞ്ഞതാക്കി മാററരുത്. നിങ്ങളെച്ചൊല്ലി വിഷമിക്കുന്ന നിങ്ങളുടെ മക്കൾ നിങ്ങളോട് എന്തു തെററു ചെയ്തു? അവർ അനുഭവിക്കുന്ന വേദന നിങ്ങൾ അറിയുന്നുവോ?

(ശേഷം അടുത്ത ലക്കത്തിൽ)

# ദൈവം

## ജെ. ഫ്രാൻസീസ് BA, LLB.

ഇന്നു ലോകത്തിൽ പല ദൈവങ്ങൾ ഉണ്ട്. ഈ ദൈവങ്ങളെല്ലാം വിവിധ നാമങ്ങളിൽ അറിയപ്പെടുന്നു. ആ ദൈവങ്ങളുടെ പ്രതിമകളും ചിത്രങ്ങളും ലോകത്തിന്റെ പല ഭാഗങ്ങളിലും കാണപ്പെടാറുണ്ട്. ഭീകരത്വം നിറഞ്ഞ ദൈവങ്ങൾ; സൗന്ദര്യം തുളുമ്പുന്ന ദൈവങ്ങൾ, മനുഷ്യരിൽ കാമവികാരങ്ങൾ ഉത്തേജിപ്പിക്കുന്ന ദൈവങ്ങൾ തുടങ്ങി അനേക ദൈവങ്ങൾ അവർ പ്രതിമകളിലും ചിത്രങ്ങളിലും ലോകവസ്തുക്കളിലും ഒതുങ്ങിനില്ക്കുന്നു. മരിച്ച മനുഷ്യർ അല്ലെങ്കിൽ തൊട്ടടുത്തു ഇല്ലാത്ത വ്യക്തികൾ പ്രതിമകളിലും ചിത്രങ്ങളിലും ഒതുങ്ങുന്നതുപോലെ. അവയ്ക്കു ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. അവ നിർജ്ജീവ വസ്തുക്കൾ മാത്രം. ഇപ്രകാരം മരിച്ച ദൈവങ്ങളെ അല്ലെങ്കിൽ വിദൂരതയിൽ വസിക്കുന്നുവെന്നു സങ്കല്പിക്കുന്ന ദൈവങ്ങളെ മനുഷ്യർ ഇന്നു പ്രതിമകളിലും ചിത്രങ്ങളിലും ഒതുക്കി നിർത്തികൊണ്ടു നടക്കുന്നു. അവ നിർജ്ജീവങ്ങളാണ്. അവക്കു ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. എന്നാൽ ആ പ്രതിമകളും ചിത്രങ്ങളും ചില മനുഷ്യർക്കു ഗുണം ചെയ്യുന്നുവെന്ന സത്യം മറച്ചുവക്കുവാൻ ഞാൻ മടിക്കുന്നില്ല. അതു നിർമ്മിക്കുകയും, കച്ചവടം നടത്തുകയും ചെയ്യുന്ന വ്യക്തികൾ അതിലൂടെ പണം സമ്പാദിക്കുന്നു. അവ വ ശുദ്ധമെന്നു സ്വയം പറഞ്ഞ് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിച്ചു നേർച്ചയായും കാഴ്ചയായും വലിയ തുകകൾ ചിലർ തട്ടിയെടുക്കുന്നു. ഈ തരത്തിൽ ചില മനുഷ്യർ ഇന്നും ജീവിക്കുന്നു. അദ്ധ്വാനിക്കാതെ.

ഇന്നു നമുക്കു ചുറ്റും കാണുന്ന പ്രധാനമതങ്ങളിലെ ദൈവങ്ങളെ കുറിച്ചു ആദ്യമായി ചിന്തിക്കാം. ഹിന്ദുമതത്തിലെ ദൈവം "ഓം" (സർവ്വശക്തൻ) ആണ്. ഇസ്ലാം മതത്തിലെ ദൈവം അള്ളാഹു (സർവശക്തൻ) തന്നെ. ക്രിസ്തു മതത്തിലെ ദൈവം യഹോവ (സർവ്വശക്തൻ) ആകുന്നു. ഈ മൂന്നു മതങ്ങളിലേയും ദൈവങ്ങൾ സർവശക്തൻ ആയതിനാൽ മൂന്നുമതങ്ങളും ഒന്നാണെന്നു പറയുന്നതിൽ തെറ്റില്ല. കാരണം ഈ മൂന്നു മതങ്ങളിലും സർവശക്തനാണു ദൈവം. എന്നാൽ ഈ മതങ്ങളെ വിശകലനം ചെയ്യുമ്പോൾ ഈ പ്രസ്താവന തെറ്റാണെന്നു മനസിലാകും.

ഹിന്ദുമതത്തിലെ "ഓം" (സർവ്വശക്തൻ) പല ദൈവങ്ങളായി വേർതിരിയുന്നു. സർവ്വശക്തൻ പലതാണെങ്കിൽ അതിൽ ശക്തി

കൂടിയവർ ആരാണെന്നു നമുക്കു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. അവനെ വേണം ദൈവമായി ആരാധിക്കുവാൻ. മനുഷ്യർ അതു കണ്ടുപിടിക്കുവാൻ അവരുടെ ഇച്ഛാനുസരണം സർവ്വ ശക്തനെ കണ്ടെത്തുന്നു. അപ്പോൾ സർവ്വശക്തൻ പലതായി മാറുന്നു. സർവ്വശക്തൻ ഒരാൾ മാത്രമേ ആയിരിക്കുകയുള്ളൂ. എന്ന സത്യം അവിടെ തള്ളപ്പെടുന്നു. എല്ലായിടത്തും നിറഞ്ഞു നില്ക്കുന്നവനാണല്ലോ സർവ്വശക്തൻ. എല്ലായിടത്തും നിറഞ്ഞു നില്ക്കുന്ന ഒരു സർവ്വശക്തൻ പല വേഷങ്ങളിലും നാമങ്ങളിലും മനുഷ്യരുടെ മുമ്പിൽ വന്നു നിൽക്കേണ്ട ഒരു കള്ളനല്ലല്ലോ. കള്ളന്മാർക്കാണു ഈ സ്വഭാവം ഉള്ളത്. കാരണം അവരുടെ പ്രവർത്തി ഇതിനായി അവരെ പ്രേരിപ്പിക്കുന്നു. ഹിന്ദുമതത്തിലെ ആരാധനാക്രമങ്ങളിൽ കാണുന്ന രീതിയിൽ ദൈവത്തിനു പ്രതിമകളിലോ ലോകവസ്തുക്കളിലോ ഒതുങ്ങിനില്ക്കേണ്ട കാര്യമില്ല. അവൻ മനുഷ്യരിലാണു ഒതുങ്ങുന്നത്. അവനെ മനുഷ്യരിൽ ഒതുക്കപ്പെടുമ്പോൾ മനുഷ്യ ജീവിതരീതി വിശുദ്ധീകരിക്കപ്പെടുന്നു.

ഇസ്ലാം മതത്തിലെ അല്ലാഹു സർവ്വശക്തനാണ്. എന്നാൽ അവരുടെആരാധനാക്രമത്തിൽ മക്കയെന്ന സ്ഥലത്തെ (ദിശ)നോക്കിവേണം ആരാധന നടത്തേണ്ടത്. ഇതിനർത്ഥം സർവ്വശക്തൻ മക്കയെന്ന സ്ഥലത്തു ഒതുങ്ങി നില്ക്കുന്നുവെന്നല്ലേ? ഇപ്രകാരം ഒരു സ്ഥലത്തു മാത്രം ഒതുങ്ങുന്നവൻ സർവ്വശക്തൻ ആകുമോ?

യഹോവ സർവ്വശക്തനാണെന്നു ക്രിസ്ത്യാനികൾ വിശ്വസിച്ചു പ്രവർത്തിക്കുന്നുവെന്ന് അവകാശപ്പെടുന്നു. ക്രിസ്ത്യാനികൾ തന്നെ സർവ്വശക്തനെ പ്രതിമകളിലും ചിത്രങ്ങളിലും ഒതുക്കുന്നു. കൂടാതെ മരിച്ചു പോയവരെ പുണ്യവാന്മാരെന്നും പുണ്യവതികളെന്നും സഭാദ്ധ്യക്ഷന്മാരാൽ പ്രഖ്യാപിക്കപ്പെട്ടു അവരെ വണങ്ങുന്നുവെന്നു പറഞ്ഞു ദൈവത്തിനു നൽകുന്നതു പോലുള്ളആരാധന അവർക്കും നൽകുന്നു. ദൈവത്തിന്റെ പ്രതിമക്കു മുമ്പിൽ മെഴുകുതിരി കത്തിക്കുന്ന പ്രകാരം, അതിനു മുമ്പിൽ കൈകൂപ്പി മുട്ടുകുത്തുന്ന പ്രകാരം, അതിനെ തൊട്ടു ചുംബിക്കുന്ന പ്രകാരം പുണ്യവാന്മാരുടെയും പുണ്യവതികളുടേയും പ്രതിമകൾക്കു മുമ്പിലും ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്നത് ദൈവത്തിനുള്ള സ്ഥാനം പുണ്യവാന്മാർക്കും പുണ്യവതികൾക്കും കൊടുക്കുന്നതല്ലേ? ജീവിക്കുന്ന ഓരോ ക്രിസ്ത്യാനികളും പുണ്യവാന്മാരും പുണ്യവതികളുമാണ്. കാരണം ഒരുമനുഷ്യൻ ക്രിസ്ത്യാനിയാകുന്നത് ജ്ഞാനസ്നാനത്തിലൂടെയാണ്. ജ്ഞാനസ്നാനം മനുഷ്യനെപാപങ്ങളിൽ നിന്നും വിമുക്തനാക്കി ശുദ്ധീകരിച്ചു വെടിപ്പാക്കി വിശുദ്ധിയുള്ളവനാക്കിമാറ്റുന്നു. പിന്നെ അവൻ അശുദ്ധിയിലേക്കു പോകുന്നതു ദൈവത്തിന്റെതെറ്റുകൊണ്ടല്ല. മരിച്ചുപോയവരെപുണ്യവാന്മാരും പുണ്യവതി

കളുമായി കണേണ്ട കാര്യമില്ല. അതു ദൈവത്തിനു വിട്ടുകൊടുക്കുകയാണു വേണ്ടത്. ഇതു ചെയ്യുന്നതിനുപകരം അവർ പുണ്യവാന്മാർക്കും പുണ്യവതികൾക്കും ദൈവത്തിന്റെ സ്ഥാനം നൽകി ദൈവത്തെ പല തട്ടുകളിലാക്കി മാററുന്നു. പ്രതിമ ഉണ്ടാക്കി തന്നെ ആരാധിക്കരുതെന്നു (പുറ: 20:4) ദൈവം പറയുമ്പോൾ അതിനെതിരായി പ്രതിമകൾ ഉണ്ടാക്കി ദൈവത്തെ ജപിച്ചു അതിനകത്തു കയററി ആരാധന പ്രതിമയിൽ അർപ്പിക്കുന്ന ക്രിസ്ത്യാനികൾ ഇന്നു ലോകത്തിൽ ഉണ്ട്. അപ്പോൾ ഇവരുടെ സർവ്വശക്തൻ പ്രതിമകളിൽ ഒതുങ്ങുന്നു. ഈ രീതിയിൽ നോക്കിയാൽ മേൽപറഞ്ഞ എല്ലാ മതങ്ങളും ഒന്നാകുന്നു.

എന്നാൽ യഥാർത്ഥ ക്രിസ്ത്യാനിക്കു സർവ്വശക്തനെ വേർതിരിച്ചു ഒററക്കു കാണുവാനും അവനെ അവൻ പറയുന്ന രീതിയിൽ ആരാധിക്കുവാനും മാത്രമേ കഴിയുകയുള്ളു. ശരിയായ രീതിയിൽ ദൈവത്തെ കാണുവാനും ആരാധിക്കുവാനും ബൈബിൾ അവനെ സഹായിക്കുന്നു.

ഉല്പത്തി ഒന്നാം അദ്ധ്യായം പറയുന്നത് ആദിയിൽ ഉണ്ടായിരുന്നവനും ആറു ദിവസങ്ങൾ കൊണ്ടു ആകാശത്തേയും ഭൂമിയേയും അതിലെ സകല ചരാചരങ്ങളേയും സൃഷ്ടിച്ച ശേഷം തന്റെ സദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചവനാണു ദൈവം. അവൻ സൃഷ്ടിച്ച മനുഷ്യനെ ഏദൻ തോട്ടം കാത്തുസൂക്ഷിക്കുവാനും അതിൽ ജോലി ചെയ്യുവാനും ആക്കിയവനാണു ദൈവം (ഉല്പ: 2:16) തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം തിന്നുകൊള്ളുവാനും നന്മതിന്മകളെക്കുറിച്ചു അറിവു നൽകുന്ന വൃക്ഷത്തിൻ ഫലം തിന്നരുതെന്നും തിന്നുന്ന നാളിൽ നീ മരിക്കുമെന്നും മനുഷ്യനു അറിവുനൽകിയവനാണു ദൈവം (ഉല്പ: 2:17). ഈ അറിവു പ്രയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകിയവനാണു ദൈവം (ഉല്പ:3:6). ഈ സ്വാതന്ത്ര്യം ലഭിച്ചതുകൊണ്ടുമാത്രമാണു ഭക്ഷിക്കരുതെന്നു ദൈവം കല്പിച്ച വൃക്ഷത്തിൻ ഫലം പറിച്ചുതിന്നു അവൻ ദൈവത്തെ ധിക്കരിച്ചതും തെററു ചെയ്തവരേയും, തെററു ചെയ്യുവാൻ പ്രേരിപ്പിച്ച പാമ്പിനെയും ശിക്ഷിച്ചവനാണു ദൈവം (ഉല്പ:3:14-19) തെററു ചെയ്യുന്നവരെ ശിക്ഷിക്കുകയും ദൈവകല്പനകൾ അനുസരിച്ചു നടക്കുന്നവരെ സംരക്ഷിക്കുകയും ചെയ്യുന്നവനാണ് ദൈവം (ഉല്പ3:14-18;4:11-12) കയീൻ തന്റെ സഹോദരനെ വധിച്ചപ്പോൾ ദൈവം അവനെ ശിക്ഷിച്ചു. ദൈവകല്പനകൾ അനുസരിച്ചു നടന്ന ലോത്തിനെയും പുത്രിമാരേയും രക്ഷിച്ചപ്പോൾ മററുള്ളവരെ ദൈവം ആകാശത്തുനിന്നുള്ള തീയും ഗന്ധകവും കൊണ്ടു നശിപ്പിച്ചു. ഈ ദൈവത്തിനു ചില നിശ്ചിത യോഗ്യതകൾ ഉണ്ട്. അവ എന്താണെന്നു നോക്കാം.

1. അവൻ സർവ്വശക്തിയുള്ളവനാകുന്നു-യഹോവ അബ്രഹാമിനു പ്രത്യക്ഷനായി പറഞ്ഞു, ''ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു.'' (ഉല്പ:17:1) ദൈവം മോശയോടു അരുളിച്ചെയ്തു ഞാൻ സർവ്വശക്തിയുള്ള ദൈവമാണെന്നു (പുറ:6:3). ദൈവം സർവ്വശക്തനാണെന്നു താഴെ പറയുന്ന ബൈബിൾ വാക്യങ്ങൾ തന്നെ വെളിപ്പെടുത്തുന്നു. (സങ്കീ:91:1; വെളി.4:8;11:17; ഇയ്യോബ് 11:7;29:5;37:23)

2. അവൻ വിശുദ്ധനാകുന്നു-ദൈവം വിശുദ്ധനാകയാൽ അവൻ ഇരിക്കുന്ന സ്ഥലവും വിശുദ്ധമാകുന്നു. അതുകൊണ്ടു യഹോവ മോശയോടു കല്പിച്ചു, നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമി ആകയാൽ കാലിൽനിന്നു ചെരിപ്പു അഴിച്ചു കളയുക (പുറ:3:5). ദൈവത്തിന്റെ നാളായ ശബത്തിനെ ശുദ്ധീകരിപ്പാൻ ഓർക്കുക. എന്നു ദൈവം യഹൂദ ജനത്തോടു കല്പിച്ചു (പുറ:20:5). ദൈവം വിശുദ്ധനായതുകൊണ്ടുമാത്രമാണു ഇപ്രകാരം കല്പിച്ചത്.

3. ദൈവം ക്ഷമയുള്ളവനാകുന്നു-നാം ജീവിതത്തിൽ അനേകം തെററുകൾ പ്രവർത്തിക്കുന്നു. ദൈവം ഉടനെ നമ്മെ ശിക്ഷിക്കുന്നില്ല. അവൻ നൽകുന്ന സൂര്യപ്രകാശം, മഴ, തണുപ്പ്, ചൂട്, തുടങ്ങിയവ ദുഷ്ടനെന്നോ നീതിമാനെന്നോ ഉള്ള വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരുപോലെ നൽകുന്നു. തെററുകളെക്കുറിച്ചു മാനസാന്തരപ്പെട്ടവനും അല്ലാത്തവനും അവ ഒരുപോലെ ലഭിക്കുന്നു. കാരണം ദൈവം ദീർഘക്ഷമയുള്ളവനാകുന്നു. അതിനാൽ ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛരിച്ചു നമ്മോടു ദീർഘക്ഷമകാണിക്കുന്നു (2 പത്രോ:3:9).

4. ദൈവം സ്നേഹമാകുന്നു-ഒരു വസ്തുവിൽ എന്തു അടങ്ങിയിരിക്കുന്നുവോ അതുമാത്രമേ അതിനു നൽകുവാൻ സാധിക്കുകയുള്ളൂ. ദൈവം മനുഷ്യനെ സൃഷ്ടിച്ചു. അതിനാൽ അവനുവേണ്ടുന്ന എല്ലാ സൗഭാഗ്യങ്ങളും ഒരുക്കികൊടുത്തു. അവൻ ഏകനായിരിക്കുന്നതു നന്നല്ലായെന്നു കണ്ടതിനാൽ അവനു ഒരു സ്ത്രീയെ നൽകി. അവൻ ജീവിക്കുന്നതിനും ജോലിചെയ്യുന്നതിനുമായി എല്ലാ സൗഭാഗ്യങ്ങളും നിറഞ്ഞ ഏദൻതോട്ടം ഉണ്ടാക്കി അവിടെ പാർപ്പിച്ചു. അവൻ തെററുചെയ്തപ്പോൾ അവനെ ശിക്ഷിച്ചുവെങ്കിലും അവനെ രക്ഷിപ്പാൻ വേണ്ടി ദൈവം മനുഷ്യാവതാരം പൂണ്ടു ലോകത്തിൽ വന്നു ദൈവവുമായി അവനെ അടുപ്പിച്ചു. കൂടാതെ ലോകത്തിനു ഒരു നിയമവും അവൻ നൽകി. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം. (യോഹ: 13:34, 35). ദൈവം സ്നേഹമല്ലായിരുന്നുവെങ്കിൽ ഈ കല്പന ഒരിക്കലും മനുഷ്യനു നൽകുമായിരുന്നില്ല. സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല (യോഹ:15:13).

ഇതാണ് ഏററവും ശ്രേഷ്ടമായുള്ള സ്നേഹം. ഈ സ്നേഹം ക്രിസ്തു, സ്നേഹിതന്മാരായ മനുഷ്യർക്കുവേണ്ടി നൽകി. ശ്രേഷ്ഠമായ സ്നേഹം ഇതുമൂലം ക്രിസ്തു പ്രവർത്തിയാൽ ലോകത്തിനു വെളിപ്പെടുത്തുകയും ചെയ്തു. നാം അന്യോന്യം സ്നേഹിക്കണം, കാരണം സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവരെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറിയുകയും ചെയ്യുന്നു (1യോഹ. 4:7). ദൈവത്തെ അല്ലെങ്കിൽ സ്നേഹത്തെ അറിയാത്തവർ ഒരിക്കലും അന്യോന്യം സ്നേഹിക്കുകയില്ല. സ്നേഹമില്ലെങ്കിൽ മനുഷ്യൻ ഏതുമില്ലായെന്നു (1 കൊരി: 13:18) പൗലോസ് അപ്പോസ്തലൻ വെളിപ്പെടുത്തുന്നു. ദൈവത്തിൽ സ്നേഹം അടങ്ങിയിരിക്കുന്നു. അതു എപ്പോഴും ദൈവത്തിൽ നിന്നു ബഹിർഗമിച്ചു കൊണ്ടിരിക്കുന്നു. ആ സ്നേഹത്തെ സ്വീകരിച്ചു മററു മനുഷ്യരിലേക്കു നൽകേണ്ടതു പരസ്പര സ്നേഹത്തിലൂടെ മാത്രമാണ്. ഇല്ലെങ്കിൽ മനുഷ്യൻ തന്റെ കടമ നിറവേററുന്നില്ല.

5. ദൈവം പിതാവാകുന്നു-ഒരു കുഞ്ഞിനെ ജനിപ്പിക്കുന്നതിലൂടെ ഒരുവൻആകുഞ്ഞിന്റെ പിതാവായിമാറുന്നു. ആ കുഞ്ഞിന്റെസംരക്ഷണച്ചുമതലമുഴുവനും അവൻഏറെറടുക്കുകയും ചെയ്യുന്നു. ആദിയിൽ ദൈവംമനുഷ്യനെ സൃഷ്ടിച്ചു. ആസൃഷ്ടിയിലൂടെ ദൈവം മനുഷ്യന്റെപിതാവായി മാറിയിരിക്കുന്നു. ഇന്നും നമ്മുടെ പിതാവ് ദൈവമാണ്; നമുക്കു ജനനം നൽകിയ മനുഷ്യൻ ഭൗതികമായി മാത്രം നമ്മുടെ പിതാവ് ആകുന്നുള്ളു. നമ്മെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവം പിതാവിന്റെ ചുമതല മുഴുവൻ ഇന്നും നിറവേററികൊണ്ടിരിക്കുന്നു; ഇങ്ങനെ ഒരു മനുഷ്യനു ഭൗതികമായി സ്വന്ത അച്ഛനും ആദ്ധ്യാത്മികമായി ദൈവവും പിതാവായിരിക്കെ ആ സ്ഥാനം ചില മതാദ്ധ്യക്ഷന്മാർ അന്യായമായി ദൈവത്തെ [illegible] അപഹരിക്കുന്നു. ദൈവം അവരോടു ക്ഷമിക്കട്ടെ. ശിഷ്യന്മാരെ പ്രാർത്ഥിപ്പിക്കുവാൻ പഠിപ്പിച്ചപ്പോൾ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു യേശു അഭിസംബോധന ചെയ്തു (മത്താ: 6:9). പിതാവേ, അവരോടു ക്ഷമിക്കേണമെന്നു യേശു കുരിശിൽ കിടന്നുകൊണ്ടു പ്രാർത്ഥിച്ചു (ലൂക്കോ 23:34) നാം സൽപ്രവർത്തികൾ ചെയ്യുമ്പോൾ നമ്മെ സ്നേഹിക്കുവാനും നാം തെററുകൾ പ്രവർത്തിക്കുമ്പോൾ നമ്മെ ശിക്ഷിക്കുവാനും ഒരു പിതാവിനു അധികാരമുണ്ട്. അതു ദൈവം ഇന്നും നമ്മോടു ചെയ്തുവരുന്നു.

ഈ യോഗ്യതകൾ ആരിലാണോ കാണുന്നത് അവനാണു ദൈവം. അവൻ ഒരിക്കലും പതിരകളിലോ ഒരു പ്രത്യേക സ്ഥലത്തോ, ഒരു പ്രത്യേക വ്യക്തിയിലോ ഒതുങ്ങുന്നില്ല. മനുഷ്യൻ അവനെ

സ്നേഹിച്ചാലും ഇല്ലെങ്കിലും അവൻ ഇന്നും അവന്റെ കടമ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യനുവേണ്ടി അവൻ ഇന്നും പ്രപഞ്ചത്തെ നിയന്ത്രിക്കുന്നു; മനുഷ്യനെ സംരക്ഷിക്കുന്നു. എന്നാൽ മനുഷ്യൻ അവനെ അറിയുന്നില്ലായെങ്കിൽ ദൈവം അവനെ ശിക്ഷിക്കാതിരിക്കുകയില്ല. കാരണം സ്നേഹിക്കുന്ന ഒരു പിതാവിനു സ്വന്തമക്കൾ തെറ്റുകൾ പ്രവർത്തിച്ചാൽ ശിക്ഷിക്കുവാനും അധികാരമുണ്ട്. ആ അധികാരം ദൈവം നീതിമാൻ ആയതിനാൽ നിറവേറ്റാതിരിക്കുകയില്ല. ദൈവത്തെ സ്നേഹിക്കുവാൻ വിട്ടു പോയ മനുഷ്യരെ ദൈവം ശിക്ഷിച്ചതായ സംഭവങ്ങൾ പഴയ നിയമത്തിൽ കാണുന്നു. യഥാർത്ഥ ദൈവത്തെ സ്നേഹിക്കുന്നവർക്കു ഒരിക്കലും ദൈവത്തെ പ്രതിമകളിൽ ഒതുക്കുവാൻ സാധിക്കുകയില്ല. മനുഷ്യനിൽ തന്നെ ദൈവത്തിന്റെ പ്രതിഛായ കാണുവാൻ അവർക്കു കഴിയും.

ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ ജനിക്കുവാൻ തിരഞ്ഞെടുത്ത സ്ത്രീയും, വളർത്തുവാൻ തിരഞ്ഞെടുത്ത പുരുഷനും വെറും സാധാരണ മനുഷ്യരായിരുന്നു. യേശുവിന്റെ ഉപദേശങ്ങൾ കേൾക്കുവാൻ തടിച്ചു കൂടിയ ജനവും സാധാരണക്കാരായിരുന്നു. ഇതിൽ നിന്നും ഒരു സത്യം നാം ഏവരും മനസ്സിലാക്കണം. ദൈവം സാധാരണക്കാരുടെ മദ്ധ്യേ ജീവിക്കുന്നു. അവരുമായി ബന്ധപ്പെടുമ്പോൾ നാം ദൈവവുമായി ബന്ധപ്പെടുന്നു. നാം അവരെ സഹായിക്കുമ്പോൾ ദൈവത്തെ സഹായിക്കുന്നു. അവരെ വെറുക്കുമ്പോൾ ദൈവത്തെ വെറുക്കുന്നു. അതിനാൽ നമ്മുടെ സഹോദരന്മാരായ മനുഷ്യരെ മാററി നിർത്തിയിട്ടു നാം ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുകയാണെങ്കിൽ നാം തീർച്ചയായും ദൈവത്തോടു കള്ളം പറയുന്നു. ഇതു ദൈവം ഒരിക്കലും ക്ഷമിക്കുകയില്ല. ദൈവം നമ്മെ സ്നേഹിച്ചതു പോലെ നാമും മനുഷ്യരെ സ്നേഹിച്ചു പരസ്പര സ്നേഹത്തോടു കൂടി മുമ്പോട്ടു വന്നു യഥാർത്ഥ ദൈവത്തെ ആരാധിക്കാം, അതിനുള്ള അനുഗ്രഹങ്ങൾ സർവ്വശക്തൻ നമുക്കു നൽകുമാറാകട്ടെ.

(10-ാം പേജിന്റെ തുടർച്ച)

പ്പിക്കുന്നതു (ഗലാ5:18) പത്തു കല്പനകളിൽ ഏതെങ്കിലും ഒന്നു ലംഘിച്ചാൽ ന്യായ പ്രമാണം മുഴുവനും ലംഘിക്കുന്നതിന തുല്യമാകുന്നു. (യാക്കോ 2.10). ന്യായപ്രമാണം മോഹിക്കരുതെന്നു പറയുന്നു. (റോമ: 7:7) (ആവർത്ത 5:21). ആത്മാവിനെ അനുസരിച്ചു നടക്കുക എന്നു വെച്ചാൽ പുതിയ നിയമം അഥവാ ക്രിസ്തുവിന്റെ ഉപദേശം അനുസരിച്ചു നടക്കുക എന്നാണർത്ഥം (യോഹ. 6:63) ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടക്കുവാൻ ഒരുവന് സാദ്ധ്യമല്ല എന്നാൽ ന്യായപ്രമാണം മുഴുവനും അനുസരിച്ചാൽ ലഭിക്കുന്ന നീതികരണം പുതിയ നിയമത്താൽ ലഭിക്കുന്നു എന്ന മനസ്സിലാക്കിയിരിക്കേണ്ടതാണു. (റോമ 8, 2-4). "ന്യായപ്രമാണത്താൽ നീതികരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോടു വേർപെട്ടു പോയി. നിങ്ങൾ കൃപയിൽ നിന്നു വീണുപോയി........ നിങ്ങൾ നന്നായി ഓടിയിരുന്നു; സത്യം അനുസരിക്കാതിരിപ്പാൻ നിങ്ങളെ ആർ തടുത്തു കളഞ്ഞു? ഇങ്ങനെ നിങ്ങളെ അനുസരിപ്പിച്ചതു നിങ്ങളെ വിളിച്ചവന്റെ പ്രവൃത്തിയല്ല. അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു." എന്നാണ് പഠിപ്പിക്കുന്നതു (ഗലാ. 5: 2-9)

ദുരുപദേശങ്ങളെയും ദുരാചാരങ്ങളെയും നീതികരിക്കുവാൻ ന്യായപ്രമാണം (പഴയ നിയമം) ഉപയോഗിക്കുന്ന പ്രവണതയെ സത്യം അഥവാ പുതിയ നിയമം അംഗീകരിക്കുന്നില്ല എന്നു തെളിയുന്നു. (യോഹ. 1, 17). (2 തെസ്സ 2;9;12) റോമ;1:18). (2 തിമൊ 3:8) പുതിയ നിയമം സ്നേഹത്തിന്റെ സന്ദേശമാണു. ആ സ്നേഹം ദൈവസ്നേഹമാണ് (1 യോഹ. 3:1). ഈ സത്യം പ്രസംഗിക്കുന്നവരും, പഠിപ്പിക്കുന്നവരും, അതനുസരിക്കുന്നവരും സാക്ഷാൽ ദൈവസ്നേഹം എന്തെന്ന് അറിഞ്ഞിരിക്കുന്നു (1 യോഹ. 3:16). ക്രിസ്തീയ ജീവിതത്തിന്റെ വിജയ രഹസ്യം ഈ ദൈവ സ്നേഹത്തിൽ അന്തർലീനമായിരിക്കുന്നു. (ഗലാ; 5;13-14), (യോഹ.3:16). (1 കൊരി.13). പഴയ നിയമ കല്പനകൾക്കു പകരമായി പുതിയ നിയമാനുസരണമുള്ള ഈ ദൈവ സ്നേഹത്താൽ ക്രിസ്തീയ ജീവിതത്തെ ധന്യമാക്കുവാൻ നമുക്ക് എങ്ങനെ കഴിയുമെന്നു നമുക്കു തുടർന്നു പഠിക്കാം.

★

# സമാധാനം

ലോകത്തിൽ എവിടെ നോക്കിയാലും സമാധാനമില്ലാത്ത അന്തരീക്ഷമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതു. വീട്ടിൽ സമാധാനമില്ല, നാട്ടിലും രാജ്യത്തിലും അതു തന്നെയാണ് സ്ഥിതി. അക്രമങ്ങൾ പെരുകി വരുന്നു. തീവ്ര സ്വഭാവങ്ങൾ മനുഷ്യരിൽ കാണപ്പെടുന്നു. മാനുഷിക ബുദ്ധിയുപയോഗിച്ച് സമാധാനം പുനസ്ഥാപിക്കുവാൻ വിവിധ മാർഗ്ഗ രേഖകൾ രൂപപ്പെടുത്തുകയുണ്ടായി. ലോക രാഷ്ട്രങ്ങൾ തമ്മിലുള്ള പോരാട്ടം അവസാനിപ്പിക്കുവാൻ സമാധാന ഉടമ്പടികൾ ഉണ്ടാക്കി. എന്നിട്ടും സമാധാനം കടലാസുകളിൽ മാത്രം. കടലാസുകളിൽ ഒപ്പിട്ടാൽ മനുഷ്യരുടെ ഹൃദയങ്ങൾക്കു വ്യത്യാസം നേരിടുമോ? ഒരിക്കലുമില്ല. രാജ്യം മറ്റൊരു രാജ്യത്തെ എതിർക്കുകയും അവരുടെ വസ്തുക്കളും സമ്പാദ്യങ്ങളും കൈവശപ്പെടുത്തുകയും ചെയ്യുന്ന ആ പ്രവണത പണ്ടു മുതലേ നാം കാണുന്നുണ്ട്. വ്യക്തികൾ തമ്മിലുള്ള പോരാട്ടവും മൽപ്പിടുത്തവും ശേഷമുള്ള കവർച്ചയും അതുപോലെ തന്നെയാണ്. ഇവയെല്ലാം എന്തുകൊണ്ടാണ് ഉണ്ടാകുന്നത്? അടിസ്ഥാനപരമായി ഇതു നിർമ്മാർജ്ജനം ചെയ്യുവാൻ എന്താണ് മാർഗ്ഗം? എല്ലാ മനുഷ്യരുടേയും മനസിൽ ഭയത്തിനു പകരം സമാധാനം വാഴുവാൻ കഴിയുമോ? എങ്കിൽ അതെങ്ങനെ? ഇതാണ് നമ്മുടെ ഇന്നത്തെ ചിന്താവിഷയം. ഇന്ത്യയിൽ തന്നെ നോക്കിയാൽ സംഘർഷങ്ങൾ പല സ്ഥലത്തും പൊട്ടിപുറപ്പെടുന്നുണ്ട്.

ആദ്യമായി ശൈശവ പ്രായത്തിൽ നിന്നു ബാല്യത്തിലേക്കു കടക്കുന്ന ഒരു കുട്ടിയുടെ വികൃതികൾ കാണുമ്പോൾ രക്ഷിതാക്കൾ അവനെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. ഇതു അവനെ അല്ലെങ്കിൽ അവളെ അസ്വസ്ഥമാക്കും. യുവത്വത്തിലേക്കു കടക്കുന്ന കുട്ടികൾ തെററു ചെയ്യുമ്പോഴും അവരിൽ നിന്നും സമാധാനം നീങ്ങിപോകുന്നു. അപ്പോൾ വ്യക്തികളിൽ ഉള്ള പാപ ചിന്തകൾ ആണ് അവരിൽ അസമാധാനം വിതക്കുന്നത്. ഇനി സംസ്ഥാനങ്ങൾ തമ്മിലോ രാജ്യങ്ങൾ തമ്മിലോ ആയാൽ പോലും ഭരണ കർത്താക്കളുടെ തെററുകൾകൊണ്ട് സംഭവിക്കുന്ന സംഘർഷങ്ങൾ നാശങ്ങൾ വാരി വിതക്കുന്നു. അങ്ങനെ അവിടെ വസിക്കുന്ന ആളുകൾ കഷ്ടതയനുഭവിക്കേണ്ടി വരുന്നു. ഏതെങ്കിലും ഒരു പ്രത്യേക ഉദ്ദേശത്തോടെ ഒരു രാജ്യം മററൊന്നിനെ കീഴ്പ്പെടുത്തിയാൽ അവിടെയുള്ള ആളുകളും അവരെ ആശ്രയിച്ചു കഴിയുന്ന ആളുകളും ആ രാജ്യക്കാരും അതിന്റെ ഫലം അനുഭവിക്കേണ്ടി വരുന്നു. മറെറാരർത്ഥത്തിൽ ദൈവത്തിൽ നിന്നു് അകന്നു പോകുന്ന ഏതൊരു മനുഷ്യനും സമാധാനം നഷ്ടപ്പെടും. അതു വീണ്ടും ലഭിക്കുവാനുള്ള മാർഗ്ഗം ദൈവത്തിങ്കലേക്കു അടുത്തു വ

തികയാണ്. ഈ അറിവ് പലരിലും ഇല്ലാത്തതുകൊണ്ട് അവർ കണ്ടെത്തുന്ന വഴികളും പ്രായോഗികമല്ലാതായി തീരുന്നു. പാപം ചെയ്തപ്പോഴാണ് ആദിമ മനുഷ്യരിൽ സമാധാനം പൊയ്പ്പോയതു. ഏദെൻ തോട്ടത്തിൽ നിന്നും പുറത്താക്കപ്പെട്ടവർക്കു ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടപ്പെട്ടു എന്നു നാം കാണുന്നു.

ഇനി ഒരു രാജ്യത്തെ നോക്കിയാൽ ഇസ്രായേലിനെ ദൈവം ഒരു പ്രത്യേക ജനമായി വേർതിരിച്ച് അവർക്കു വേണ്ടതായ നിർദ്ദേശങ്ങളും അവരെ നയിക്കേണ്ടതിനു ഒരു അദ്ധ്യക്ഷനേയും അവർക്കു കൊടുത്തു. എന്നാൽ അവർ ദൈവത്തിന്റെ ആജ്ഞകൾ ലംഘിച്ചതോടെ അവരുടെ ജീവിതത്തിലേക്കു യാതനകൾ കടന്നു വരാൻ തുടങ്ങി. സുഖമായും സന്തോഷമായും അവർ കഴിയേണം എന്നു വിചാരിച്ചാണ് ദൈവം അവരെ വേർതിരിച്ച് നിർത്തിയത്. ഒരു വിഗ്രഹം ഉണ്ടാക്കരുത് അവയെ നമസ്കരിക്കയുമരുത് എന്ന ദൈവത്തിന്റെ കല്പന അവർ കണക്കാക്കാതെ ബിംബങ്ങൾ വാർത്തുണ്ടാക്കി അവയെ നമസ്കരിച്ചു. ആ സംഭവത്തിലും കുററക്കാർ അവർ തന്നെ. അതിനാൽ അവർക്കുണ്ടായിരുന്ന സമാധാനം നഷ്ടപ്പെട്ടു (പുറപ്പാട് 20;4) ഇന്നു അനേകം ആളുകൾ ദൈവത്തിന്റെ ഈ കല്പനയെ ധിക്കരിച്ചുകൊണ്ട് പുണ്യവാളന്മാരുടെയും കന്യക മറിയാമിന്റേയും യേശുവിന്റേതു എന്നെല്ലാം പറഞ്ഞ് രൂപങ്ങൾ കൊത്തി എടുത്ത് അവയെ കുമ്പിടുകയാണ്. അതു തെററല്ലേ എന്നു ചോദിച്ചാൽ പറയും: അതു ഞങ്ങൾ വിഗ്രഹമായിട്ടല്ല, രൂപമായിട്ട്. ഓർമ്മക്കായി വെച്ചിരിക്കുന്നതാണ് എന്നെല്ലാം പറഞ്ഞ് ന്യായീകരിക്കും. അതുകൊണ്ട് അവരുടെ പള്ളികളിലോ ഭവനങ്ങളിലോ സമാധാനമില്ലാതെ വിഷമിക്കുകയാണ് ചെയ്യുന്നതു. അവരുടെ പ്രവൃത്തികളുടെ ഫലംകൊണ്ടാണ് അതു സംഭവിക്കുന്നതെന്നു അവർ തിരിച്ചറിയുന്നുമില്ല.

സമാധാനം നല്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. പഴയ നിയമ കാലയളവിൽ ദൈവം യെഹൂദന്മാർക്കു വാഗ്ദാനം ചെയ്തതും മറെറാന്നായിരുന്നില്ല. ''ഞാൻ ദേശത്തു സമാധാനം തരും. നിങ്ങൾ കിടക്കും; ആരും നിങ്ങളെ ഭയപ്പെടുത്തുകയില്ല. ഞാൻ ദേശത്തുനിന്നു ദുഷ്ട മൃഗങ്ങളെ നീക്കിക്കളയും'' (ലേവ്യ പുസ്തകം 26:6). ദൈവത്തിന്റെ സന്ദേശവാഹകന്മാരെല്ലാം സമാധാന ദൃശ്യമായിട്ടാണ് വന്നതു. പ്രഖ്യാപനമെല്ലാം ജനത്തിനു സമാധാനം വരുത്തേണ്ടതിനുമായിരുന്നു. സമാധാനകാംക്ഷികൾക്കു ദൈവം അനുഗ്രഹം ചൊരിയും. സങ്കീർത്തനത്തിൽ നാം വായിക്കുന്നതു അതാണ്: ''ദോഷം വിട്ടകന്നു ഗുണം ചെയ്യുക, സമാധാനം അന്വേഷിച്ചു പിന്തുടരുക'' (സങ്കീർത്തനം 34: 14). സമാധാന പ്രിയനായ പുരുഷനു സന്തതി ഉണ്ടാകുമെന്നു ദൈവം പ്രസ്താവിച്ചിരിക്കുന്നു. തിന്മ പ്രവർത്തിക്കുന്ന ഏതു മനുഷ്യനിൽ നിന്നും ദൈവത്തിന്റെ ആത്മാവ് അകന്നു

പോകും. അല്ലെങ്കിൽ അവന്റെ പ്രാണൻ നീങ്ങിപ്പോകുമെന്നു പറയാം. അങ്ങനെ നീങ്ങിപ്പോയതായ ആ ജീവൻ തിരിച്ചു കിട്ടണം. അതു തിരിച്ചു നല്കുന്നതും ദൈവമത്രേ. അവന്റെ നിബന്ധനകൾ അനുസരിക്കണമെന്നു മാത്രം. പ്രാണനെ വീണ്ടെടുത്തു കഴിയുമ്പോൾ സമാധാനവും തിരിച്ചു കിട്ടും. ഇതിനു ദൈവ പരിജ്ഞാനം ആവശ്യമാണ്. അതിനു ബോധവൽകരണം ആവശ്യമാണ്. ബൈബിൾ പഠിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്താൽ അതിൽ പ്രതിപാദിക്കുന്ന ഫലങ്ങൾ നമുക്ക് അനുഭവിക്കാം.

ദൈവത്തിന്റെ ന്യായ പ്രമാണത്തെ രാപ്പകൽ ധ്യാനിക്കുകയും അവയിൽ നാം നില നില്ക്കുകയും വേണം. എന്നാൽ ജനങ്ങൾ അവയെ ത്യജിച്ച് സ്വന്തം അഭിപ്രായങ്ങളെ മാനിച്ച് നടന്നപ്പോൾ ദുരിതവും ദുഃഖവും അരിഷ്ടതയും അവരെ പിന്തുടർന്നു. അങ്ങനെ സമാധാനമില്ലാതെ ഉഴലുന്നവർക്ക് ആശ്വാസമായിട്ടാണ് ദൈവം തന്റെ പുത്രനെ അയക്കുന്നതു, അവൻ സമാധാന പ്രഭു എന്നു വിളിക്കപ്പെടും എന്നു പറഞ്ഞിരിക്കുന്നു. അതായതു സമാധാന വഴി അറിഞ്ഞുകൂടാത്ത ആളുകൾക്ക് അതു കാണിച്ചു കൊടുപ്പാനത്രേ അവൻ വന്നതും. ആദ്യം ദൈവവുമായി ഒരു നിരപ്പ് പ്രാപിക്കാതെ സമാധാനം കിട്ടുകയില്ല. ''നീതിയുടെ പ്രവൃത്തി സമാധാനവും നീതിയുടെ ഫലം ശാശ്വത വിശ്രമവും നിർഭയതയും ആയിരിക്കും (യെശയ്യാവ് 32:17) വാസ്തവത്തിലുള്ള സത്യത്തെയും സമാധാനത്തേയും സ്നേഹിക്കാതിരുന്ന കള്ള പ്രവാചകന്മാർ ഇന്നുള്ളതുപോലെ അന്നും ഉണ്ടായിരുന്നു. അവരുടെ പൊള്ളയായ വാഗ്ദാനങ്ങളിൽ ആളുകൾ ആകൃഷ്ടരായിരുന്നു. അവർക്ക് ഒരിക്കലും സമാധാനം കിട്ടിയിരുന്നില്ല. കാരണം ദൈവത്തിന്റെ വഴികളെ മറിച്ചു കളയുകയാണ് അവർ ചെയ്യുന്നതു. എന്നിൽ സമാധാനം ഉണ്ടെങ്കിലേ എന്റെ വീട്ടിലുള്ളവർക്കും ഞാൻ ബന്ധപ്പെടുന്ന എല്ലാവർക്കും എനിക്ക് അതു നല്കുവാൻ കഴിയു. ഇല്ലെങ്കിൽ സാദ്ധ്യമല്ല. യേശുക്രിസ്തു പറഞ്ഞു, ',സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.'' (മത്തായി 5:9).

യേശുക്രിസ്തു തിരഞ്ഞെടുത്ത ശിഷ്യന്മാരെ അവൻ പരിശീലിപ്പിച്ച് സ്വർഗ്ഗ രാജ്യത്തെ കുറിച്ച് പ്രസംഗിപ്പാൻ അവരെ അയയ്ക്കുന്നു. അവരെ അയക്കുമ്പോൾ പറഞ്ഞതു, ഏതു പട്ടണത്തിലോ ഗ്രാമത്തിലോ കടക്കുമ്പോൾ അവിടെ യോഗ്യൻ ആർ എന്നു അന്വേഷിപ്പിൻ; പുറപ്പെടുവോളം അവിടെ തന്നെ പാർപ്പിൻ; ആ വീട്ടിൽ ചെല്ലുമ്പോൾ അതിനു വന്ദനം പറവിൻ. വീട്ടിനു യോഗ്യതയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അതിന്മേൽ വരട്ടെ. യോഗ്യത ഇല്ല എന്നു വരികിൽ സമാധാനം നിങ്ങളിലേക്കു മടങ്ങിപ്പോരട്ടെ'' എന്നു പറഞ്ഞു (മത്തായി. 10:11-14). ദൈവം തന്റെ പുത്രനു നല്കിയ സമാ

ധാനം അവൻ തന്റെ ശിഷ്യന്മാർക്കു കൊടുത്തു. അവർ ആ സമാധാനം യോഗ്യതയുള്ളവർക്കു കൊടുത്തു എന്നല്ല; മറിച്ച് അവരിൽ കൂടെ മറ്റുള്ളവർക്കു ലഭിക്കുമാറാക്കി എന്നർത്ഥം. ദൈവസമാധാനം എല്ലാവർക്കും ആവശ്യമാണ്. എന്നാൽ അതു കിട്ടുവാൻ ദൈവത്തിന്റെ യോഗ്യതകൾ നമ്മിൽ ഉണ്ടായിരിക്കണം. യേശുക്രിസ്തുവിന്റെ ജനനത്തിന്റെ ഉദ്ദേശത്തെ കുറിച്ച് ലൂക്കോസ് വിവരിക്കുന്നതു ''നമ്മുടെ ദൈവത്തിന്റെ ആർദ്ര കരുണയാൽ അവന്റെ ജനത്തിനു പാപമോചനത്തിൽ രക്ഷാപരിജ്ഞാനം കൊടുപ്പാനുമായി നീ അവനു മുമ്പായി നടക്കും, ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാന മാർഗ്ഗത്തിൽ നടത്തേണ്ടതിനു ആ ആർദ്ര കരുണയാൽ ഉയരത്തിൽ നിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു'' (ലൂക്കോസ് 1;77-79). കർത്താവിന്റെ വരവുകൊണ്ടു സ്വർഗ്ഗത്തിലും ഭൂമിയിലും ഒരു പോലെ സമാധാനമുണ്ടായി എന്നു കാണാം. ദൈവത്തിനും മനുഷ്യർക്കും സമാധാനം ഒരുക്കിയതു ക്രിസ്തു അല്ലാതെ മറ്റാരുമല്ല. അതുകൊണ്ടുതന്നെ അവന്റെ ദൗത്യത്തിന്റെ മാഹാത്മ്യം അപാരമാണ്.

ദിവ്യമായ സമാധാനം എല്ലാവർക്കും ദൈവം ലഭ്യമാക്കി എന്നു പറയുമ്പോൾ അതെങ്ങനെ എന്നു നോക്കാം. കർത്താവ് എന്ന പദവിയിലേക്കു യേശു ഉയർത്തപ്പെട്ടതു താൻ പാപികൾക്കു വേണ്ടി തിരുവെഴുത്തിൻ പ്രകാരം മരിച്ച് ഉയിർത്തെഴുന്നേറ്റതു കൊണ്ടാണല്ലോ. അങ്ങനെ ശത്രുത്വം ഇല്ലാതാക്കി. ദൈവവും മനുഷ്യനും തമ്മിൽ ശത്രുക്കളായിരുന്നുവല്ലോ, യെഹൂദന്മാരും ജാതികളും തമ്മിൽ ശത്രുക്കളായിരുന്നുവല്ലോ. ഈ അകല്ച്ച ഇല്ലാതാക്കിയതു യേശുവിന്റെ യാഗമാണ്. അതിൽ ദൈവം സംപ്രീതനായി. ആ സുവാർത്ത ഒരു വ്യത്യാസവുമില്ലാതെ സകല മനുഷ്യർക്കും കൂടിയേ തീരൂ. കാരണമെന്തെന്നു നോക്കാം, ദൈവത്തിന് മുഖപക്ഷമില്ല ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ സ്നേഹിക്കുന്നു. അവൻ എല്ലാവരുടേയും കർത്താവായ യേശു ക്രിസ്തു മുഖാന്തരം സമാധാനം സുവിശേഷിച്ചുകൊണ്ടു യിസ്രായേലിൽ ചുറ്റി സഞ്ചരിച്ചു. യേശു തന്റെ ശിഷ്യന്മാർക്കു നല്കിയ ഉപദേശങ്ങൾ എല്ലാം തന്നെ മനുഷ്യരുടെ നന്മയെ ലക്ഷ്യമാക്കിയതായിരുന്നു. വ്യക്തികളുടെ ഹൃദയങ്ങളിൽ സമാധാനം വാഴുവാൻ, വേണ്ടതെല്ലാം അവൻ ഒരുക്കിയിരിക്കുന്നു. നാം അതു സ്വീകരിച്ചാൽ മാത്രം മതി. അനേകം ആളുകൾക്കു മടിയാണ്. നമ്മുടെ രക്ഷിതാവിന്റെ കൃപയും കരുണയുമാണ് നമ്മുടെ സമാധാനം.

ഞാൻ മുൻപു സൂചിപ്പിച്ചുവല്ലോ നമ്മുടെ ശത്രുത്വം കർത്താവ് ഇല്ലാതാക്കി എന്ന്. അതു എപ്രകാരമായിരുന്നു എന്നു പുതിയ നിയമത്തിൽ നമുക്കു വായിക്കാം 'അവൻ നമ്മുടെ സമാധാനം അവൻ ഇരു പ

ക്ഷത്തേയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായ പ്രമാണം എന്ന ശത്രുത്വം തന്റെ കരുത്താൽ നീക്കി വേർപ്പാട്ടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ടു ഇരുപക്ഷത്തേയും തന്നിൽ ഒരേ പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽ വെച്ചു ശത്രുത്വം ഇല്ലാതാക്കി. അതിനാൽ ഇരു പക്ഷത്തേയും ഏക ശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ. അവൻ വന്നു ദൂരത്തായിരുന്ന നിങ്ങൾക്കു സമാധാനവും സമീപത്തുള്ളവർക്കു സമാധാനവും സുവിശേഷിച്ചു. അവൻ മുഖാന്തരം നമുക്കു ഇരുപക്ഷക്കാർക്കും പിതാവിങ്കലേക്കു പ്രവേശനം കിട്ടി അങ്ങനെ നാം ഇനി അന്യന്മാരും പരദേശികളുമാകാതെ ദൈവത്തിന്റെ സ്വന്ത ഭവനമായി തീരുകയാണ് വേണ്ടതു. ഹിന്ദുവായാലും നിങ്ങൾക്ക് എല്ലാവർക്കും ഒരു വ്യത്യാസവുമില്ലാതെ സൗജന്യമായി സമാധാനം പ്രാപിക്കാം. അതിന്നു നിങ്ങൾ പുണ്യസ്ഥലങ്ങൾ സന്ദർശിക്കേണ്ട, അതിനു നിങ്ങൾ ആലോചിക്കുന്ന തരത്തിലുള്ള വിലയും കൊടുക്കേണ്ട. ലോകം തരുന്ന സമാധാനം വെറും പൊള്ളയായ വാഗ്ദാനങ്ങളാണെങ്കിൽ ദൈവം ഉറപ്പുള്ളവനും സ്ഥിരതയുള്ളവനുമാണ്.

പാപം നമ്മിൽ നിന്നു നീങ്ങിപ്പോകുന്ന അവസരത്തിൽ ഉണ്ടാകുന്ന സമാധാനം എത്ര അവാച്യമാണെന്നോ? ജീവ പര്യന്തം തടവിനു ശിക്ഷിക്കപ്പെട്ട ഒരു കുറ്റവാളിയെ വെറുതെ വിടുമ്പോൾ അവന്റെ മനസ്സിൽ ആനന്ദവും ഒപ്പം സമാധാനവും വരും. നിങ്ങളുടെ വീട്ടിൽ സമാധാനമില്ലാതെ വഴക്കും ശത്രുതയുമായിട്ടാണോ കഴിയുന്നതു. പരസ്പര വിദ്വേഷവും വൈരാഗ്യവും വെച്ചുപുലർത്തുകയാണോ? അരുത്, അതെല്ലാം മാറ്റിയെടുക്കണം. ദൈവം നിങ്ങളെ വിളിക്കുന്നു, സമാധാന സന്ദേശവുമായി. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ ആർക്കും കഴിയുകയില്ല (എബ്രായർ 11:6, പാപങ്ങൾ വിട്ടുകളഞ്ഞു ദൈവത്തിങ്കലേക്കു തിരിഞ്ഞു വരിക(ലൂക്കോസ് 18:3). വരുമാകുന്ന നാശത്തെ ഒഴിവാക്കുക. കർത്താവും ക്രിസ്തുവുമായ രക്ഷിതാവിനെ ദൈവപുത്രനെന്നു ജനങ്ങളുടെ മദ്ധ്യേ ഏറ്റു പറയുക. ഒരിക്കലും ലജ്ജിക്കരുത്. പാപമോചനത്തിനായി ദൈവത്തിന്റെ 'ആജ്ഞയായ സ്നാനമേല്ക്കുക. അങ്ങനെ രക്ഷിക്കപ്പെടുമ്പോൾ ദൈവം നിങ്ങളെ അവന്റെ ഭവനത്തിലേക്കു ചേർക്കും. നിങ്ങൾ പുറത്ത് എവിടെയെങ്കിലും യാത്ര പോയാൽ തിരിച്ച് വീട്ടിൽ എത്തിയാലല്ലേ നിങ്ങൾക്കു സമാധാനം വരികയുള്ളു? അതുപോലെ കർത്താവിന്റെ ആത്മീയ ഭവനത്തിൽ നിങ്ങൾ എത്തിച്ചേർന്നാൽ നിങ്ങൾ സമാധാനം തിരിച്ചു കിട്ടിയവരാകും. അതുവരെ നിങ്ങൾക്ക് അതു ലഭിക്കുകയില്ല. പിതാവായ ദൈവത്തിന്റെ കൃപയും സമാധാനവും എനിക്കും മറ്റനേകം പേർക്കും ലഭിച്ചതു പോലെ നിങ്ങൾക്കും ലഭിക്കുമാറാകട്ടെ.

നായി ചാർച്ചക്കാരെയും അടുത്ത സ്നേഹിതൻമാരെയും കൂട്ടി വരു ത്തി അവർക്കായി കാത്തിരുന്നു.

പത്രോസ് എത്തിയപ്പോൾ കൊർന്നെല്യോസ് അവൻെറ കാല്ക്കൽ വീണു നമസ്ക്കരിക്കുന്നു. അദ്ദേഹം അവിടെ താഴ്മ ധരിക്കുകയായിരുന്നു. അല്ലെങ്കിൽ ഇത്രയും നന്മകളുള്ള ഉന്നതനായ ഈ മനുഷ്യന് അതിൻെറ ആവശ്യമില്ലല്ലോ.എന്നാൽ പത്രോസ് അവനോട്: എഴുന്നേല്ക്കു ഞാനും ഒരു മനുഷ്യനത്രേ എന്നു പറഞ്ഞ് അവനെ എഴുന്നേല്പിച്ചു. പിന്നീട് പത്രോസ് താൻ വരുമ്പോൾ തനിക്കുണ്ടായ അനുഭവത്തെക്കുറിച്ച് പറയുന്നു. പിന്നെ കൊർന്നെല്യോസ് പത്രോസിനെ വരുത്തുവാൻ ഉണ്ടായിരുന്ന സാഹചര്യത്തെക്കുറിച്ചു പറയുന്നു.

തുടർന്ന് 34-ാം വാക്യം: പത്രോസ് വായ്തുറന്നു വചനം സംസാരിക്കുന്നു. ബൈബിൾ വായിക്കുക.

പത്രോസ് ഇപ്രകാരം അവനോട് പറഞ്ഞ് അവൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

അവനിൽ (യേശുക്രിസ്തുവിൽ) വിശ്വസിക്കുന്ന ഏവനും അവൻെറ നാമം മൂലം പാപമോചനം ലഭിക്കും എന്ന് സകല പ്രവാചകൻമാരും സാക്ഷ്യം പറയുന്നു (വാക്യം 43). ഇതിൽ നിന്നും സുവിശേഷം കേട്ട് വിശ്വസിക്കുകയും അത് അനുസരിക്കുകയും ചെയ്തിരുന്നില്ല എന്നുള്ള ഒരു കുറവാണ് കൊർന്നെല്യോസിന് ഉണ്ടായിരുന്നതെന്ന് തെളിയുന്നു. ഈ കുറവ് ഒരു പാപമാണെന്നും വെളിപ്പെടുന്നു.

47-ാം വാക്യം-നമ്മെപ്പോലെ പരിശുദ്ധാത്മാവ് ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചുകൂടാത്ത വണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും? പത്രോസ് അവരെ യേശു ക്രിസ്തുവിൻെറ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ കല്പിച്ചു. കൊർന്നെല്യോസിനുള്ള കുറവുകൾ മനസ്സിലായി കാണും എന്നു കരുതുന്നു.

നല്ലവരായി ജീവിക്കുവാൻ മനുഷ്യന് സാധിക്കുമെന്ന് തോന്നുന്നില്ല. കാരണം മാലിന്യമായ ഈ ലോകത്തിൽ 'സാത്താൻ' ഏതു വിധേനയും തെററിലേക്ക് നയിപ്പാൻ കാത്തിരിപ്പുണ്ടാകും. എന്നാൽ നല്ലവരായി ജീവിക്കുവാൻ ആഗ്രഹിക്കുന്ന പലരും ഈ ലോകത്തുണ്ട് അങ്ങിനെയുള്ളവർക്കുമാത്രമേ സുവിശേഷം അനുസരിക്കുവാൻ സാധിക്കുകയുള്ളൂ.

എല്ലാററിലും ഉപരിയായി ദൈവം പറഞ്ഞിരിക്കുന്ന കല്പനകൾ തള്ളികളയാതെ അനുസരിക്കുക. അപ്പോൾ നല്ലവരാകുവാൻ നാം ശ്രമിക്കും.

(7-ാം പേജിൻെറ തുടർച്ച)

യേശുക്രിസ്തു യാതൊരു തെററും ചെയ്യാതെ ഈ ലോകത്തിൽ ജീവിച്ചിട്ടും ലോകം അവനെ അംഗീകരിച്ചില്ല. അപ്പോൾ നാം നല്ലവരെന്ന് സ്വയം പ്രഖ്യാപിച്ചാലോ? മററുള്ളവരുടെ മുൻപിൽ അഭിനയത്തിൽ കൂടി നല്ലവരാകുവാൻ കഴിഞ്ഞേക്കും. എന്നാൽ നാം നമ്മെ പരിശോധിച്ചാൽ മററുള്ളവർ അറിയാത്ത അനേകം തെററുകൾ നമ്മിൽ കണ്ടെത്തുവാൻ കഴിയും. ഇനി ഇതിൽനിന്നും നമുക്ക് മോചനമില്ലേ?

ഉണ്ട് തീർച്ചയായും ഉണ്ട്. അതിനുള്ള വഴിയും ബൈബിളിൽ തന്നെ ഉണ്ട്. പുത്രനെ അനുസരിക്കുക. ദൈവ പുത്രനായ യേശുവിൻെറ രക്തം സകലപാപങ്ങളും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

നാം പാപികൾ ആയിരുന്നിട്ടും ദൈവം നമ്മോട് അടുത്തുവരുന്നു. നമുക്കെന്തു കൊണ്ട് ദൈവത്തിലേക്ക് അടുക്കുവാൻ പററുന്നില്ല. ഉത്തരമുണ്ട്. ഭയം, മനുഷ്യരോടുള്ള, സമുദായത്തിനോടുള്ള സമൂഹത്തിനോടുള്ള ഭയം. ഓർക്കുക. ഈ ഭയത്തിനെല്ലാം അടിമപ്പെട്ട് ജീവിച്ചാൽ നശിക്കുന്നതാരാണ് ചിന്തിക്കുക. നാം തന്നെ. മററുള്ളവർക്ക് നമ്മുടെ ആത്മാവ് നഷ്ടപെടുന്നതിൽ ഒരു പങ്കുമില്ല. അതിൻെറ പൂർണ്ണ ഉത്തരവാദിത്വം നമുക്കുതന്നെ. 'ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തൻെറ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം (മത്താ:16:26)?

ഇനിയും നമുക്ക് ചിന്തിക്കാം സമയം ഇനിയുമില്ലേ? ഇത്രപ്പെട്ടെന്ന് എന്തു ചെയ്യാനാണ്. കുറെക്കൂടി കഴിയട്ടെ ശരി തന്നെ. എന്നാൽ നാം ഒന്നോർക്കണം

ഒരു പക്ഷെ കാലം നമുക്കു വേണ്ടി കാത്തിരിക്കുവാൻ തയാറില്ലെങ്കിലോ? ഈ സുവർണ്ണാവസരം ഇനി ഒരിക്കലും തിരികെ ലഭിച്ചില്ല എങ്കിലോ?

അതുകൊണ്ട് പ്രിയസഹോദരാ, സഹോദരീ, ഉണർന്നു ചിന്തിക്കൂ 'ഇപ്പോഴാകുന്നു സുപ്രസാദകാലം ഇപ്പോഴാകുന്നു രക്ഷാദിവസം' (11 കൊരി. 6:2). ദൈവത്തിലേക്ക് കടന്നു വരാം ദൈവം തൻെറ പുത്രനിൽകൂടി നൽകിയിരിക്കുന്ന ലളിതമായ കല്പനകൾ അനുസരിക്കു അപ്പോൾ മനുഷ്യരുടെ മുമ്പിൽ നാം നല്ലവരല്ലെങ്കിലും ദൈവം നമ്മെ നീതീകരിക്കും. ദൈവം തിരഞ്ഞെടുത്തവരെ ആർ കുററം ചുമത്തും?

ക്രിസ്തുവിൻെറ സുവിശേഷത്തിൽ വിശ്വസിച്ച് മാനസാന്തരപ്പെട്ട് വിശ്വാസം ഏററു പറഞ്ഞ് പാപമോചനത്തിനായി യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏല്ക്കുന്ന ഏവനും രക്ഷിക്കപ്പെടും. അപ്പോൾ മനുഷ്യർ തള്ളിപറഞ്ഞാലും ദൈവം നമ്മെ നല്ലവരായി കരുതുകയും കാത്തു സൂക്ഷിക്കുകയും ചെയ്യും. അതിനായി ധൈര്യത്തോടുകൂടി നമുക്ക് പ്രവർത്തിക്കാം ദൈവം കൃപ ചെയ്യും.

(6-ാം പേജിന്റെ തുടർച്ച)

ന്റെയും ഗവൺമെൻറിന്റേയും നിയമങ്ങളെ ധിക്കരിക്കുന്നവർ എല്ലാം പാപികൾ എന്നു പറയാം. മോഷണമോ, കൊലയോ, വ്യഭിചാരമോ പാപമല്ലെന്ന് ഒരാൾക്ക് എങ്ങനെ പറയാൻ കഴിയും? അതുപോലെ തന്നെ ദുർന്നടപ്പ്, പക തുടങ്ങിയവയെല്ലാം പാപമല്ലെന്ന് എങ്ങനെ പറയാൻ കഴിയും?

ഒരു പാപിയായ വ്യക്തിയെ രക്ഷിക്കപ്പെടാത്തവൻ എന്നു തരം തിരിക്കാം. അല്ലെങ്കിൽ ക്രിസ്ത്യാനിയായി തീരാത്തവൻ, കർത്താവിന്റെ സഭയിൽ അംഗമല്ലാത്തവൻ. ഒരാൾ കർത്താവിനെ അനുസരിക്കുമ്പോൾ അവൻ തന്റെ കഴിഞ്ഞ പാപങ്ങളിൽ നിന്നും രക്ഷിക്കപ്പെടുന്നു (മർക്കൊസ് 16:16); അവൻ ക്രിസ്തുവിനെ അനുഗമിക്കുന്നവൻ അല്ലെങ്കിൽ ക്രിസ്ത്യാനിയായിത്തീരുന്നു (ലൂക്കൊസ് 9:23; 1 പത്രൊസ് 4:16). കർത്താവ് അവനെ തന്റെ സഭയിൽ അംഗമാക്കി മാററുന്നു (പ്രവൃത്തി 2:47). ഒരാൾ ഇപ്രകാരം ക്രിസ്ത്യാനിയായി തീർന്നാലും പിന്നീട് മനപ്പൂർവ്വം ദൈവത്തിന്റെ കല്പനകളിൽ ഏതെങ്കിലും ലംഘിച്ചു കൊണ്ടേയിരുന്നാൽ അഥവാ ദൈവേഷ്ടത്തിനു വിരുദ്ധമായി പ്രവർത്തിച്ചു കൊണ്ടേയിരുന്നാൽ അവനും പാപി തന്നെ. ഇവരോടു, ദൈവം ക്ഷമിക്കേണ്ടതിന് അവരുടെ തെററുകൾ ഏററു പറയുകയും ദൈവത്തോടു ക്ഷമ ചോദിക്കുകയും വേണം. പരസ്യമായി ഒരാൾ തെററു ചെയ്താൽ ഒരു വ്യക്തിയുടെ അവിശ്വസ്തത സഭയെയാണ് വേദനിപ്പിക്കുന്നതു. അതുകൊണ്ട് അവനോ അവളോ സഭയോടും ദൈവത്തോടും ഏററു പറഞ്ഞ് പ്രാർത്ഥിക്കുകയും വീണ്ടും ആവർത്തിക്കാതിരിക്കയും വേണം. യാക്കോബിന്റെ പ്രബോധനം നമ്മെ ഈ വിഷയത്തോടു ബന്ധപ്പെടുത്തുന്നു. ''എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏററു പറഞ്ഞ് ഒരുവനു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ, നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കൊബ് 5:15).

സ്വയമായി നീതീകരിക്കുന്ന ആളുകളുണ്ട്. ചിലർ പറയുന്നതു നിങ്ങൾ കേട്ടിരിക്കാം. ഞാൻ ആരുടേയും വക വഞ്ചിച്ചിട്ടില്ല; ഞാൻ ഒരു തെററും ചെയ്തിട്ടില്ല, തെററു ചെയ്തതെല്ലാം അവരാണ് എന്നൊക്കെ. എല്ലാവരും തങ്ങൾ നിരപരാധികളാണെന്ന് മററുള്ളവരെ ധരിപ്പിക്കാൻ പാടുപെടുന്നു. വാസ്തവത്തിൽ തെററിനെ ന്യായീകരിക്കുന്നതുപോലെയാണ് നമ്മിൽ യാതൊരു തെററും ഇല്ല എന്നു പറയുന്നതു. തെററു സംഭവിക്കാത്തവർ ഈ ഭൂമിയിൽ ആരുമില്ല. അതിനു കൂടുതൽ കുറവ് കണ്ടേക്കാമെന്നു മാത്രം.

ആരും നല്ലവരായിട്ടില്ലാത്ത സാഹചര്യത്തിൽ എല്ലാവരും ഒരുപോലെ പാപം ചെയ്തു. ധാർമ്മിക ജീവിതത്തിലോ മാനുഷിക നീതി

യാലോ, സൽപ്രവൃത്തിയാലോ രക്ഷിക്കപ്പെടുവാൻ സാദ്ധ്യമല്ലാത്ത രീതിയിൽ തിരിച്ചറിവിന്റെ പ്രായമെത്തിയ എല്ലാവരും പാപികൾ തന്നെയാണ്. ആരും പൂർണ്ണരല്ല; ക്രിസ്ത്യാനികൾ ആയിതീർന്നവരും അറിയാതെ ചെയ്യുന്ന തെററുകൾ നോക്കുമ്പോൾ അവരും പാപികളുടെ ഗണത്തിൽ ഉൾപ്പെടുമെങ്കിലും വ്യത്യാസം നാം അറിഞ്ഞിരിക്കണം. ദൈവത്തെ അനുസരിച്ച പാപികളും അനുസരിക്കാത്ത പാപികളും തമ്മിലുള്ള വ്യത്യാസം, അനുസരിക്കാത്ത പാപികൾ നഷ്ടപ്പെട്ടവരും പ്രത്യാശയില്ലാത്തവരുമാണ്. എന്നാൽ ദൈവത്തിന്റെ കല്പനകളെ അനുസരിച്ചവരെ സംബന്ധിച്ച് നോക്കിയാൽ അവരുടെ കഴിഞ്ഞകാല ജീവിതത്തിലെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു. അവൻ വിശ്വസ്തതയോടെ കർത്താവിനെ സേവിച്ച് തുടർന്നു ജീവിക്കുമെങ്കിൽ അവന്റെ തെററുകൾ ക്രിസ്തുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കുന്നതിനാൽ അവനു പ്രത്യാശയുണ്ട്.

പാപത്തിന്റെ ശമ്പളം മരണമത്രേ (റോമർ 6:23). അതുകൊണ്ട് ഞങ്ങൾക്കു നിങ്ങളോടുള്ള പ്രബോധനമെന്തെന്നാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളെ വിട്ടുകളഞ്ഞു തിരിയുക; കർത്താവിന്റെ കല്പനകൾ അനുസരിച്ച് രക്ഷപ്പെടുകയും ചെയ്യുക എന്നതാണ്. അവൻ ദൈവപുത്രനാണെന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങൾ മാനസാന്തരപ്പെടുന്നുവെങ്കിൽ, മനുഷ്യരുടെ മുൻപാകെ നിങ്ങൾ അവനെ ഏററു പറയുമെങ്കിൽ, പാപമോചനത്തിനായി വെള്ളത്തിൽ അടക്കമേൾക്കുന്ന സ്നാനം ഏല്ക്കുന്നുവെങ്കിൽ നിങ്ങളെ കർത്താവു രക്ഷിക്കുകയും അവന്റെ സഭയിലേക്കു ചേർക്കുകയും ചെയ്യും (യോഹന്നാൻ 14:1; ലൂക്കൊസ് 13:3; മത്തായി 10:32, മർക്കൊസ് 16:16; പ്രവൃത്തി 2:38; പ്രവൃത്തി 2;47). അങ്ങനെ നിങ്ങളുടെ പാപങ്ങളെ അവൻ കഴുകി കളയുന്നു. യേശുക്രിസ്തു നിങ്ങളോടുകൂടെ ഇരിക്കുകയും അവന്റെ ആത്മാവിനെ ദാനമായി നല്കുകയും ചെയ്യും. ഭൗതിക ജീവിതത്തിൽ ജഡികമായ ഇച്ഛകളെ ഉപേക്ഷിക്കുവാൻ വേണ്ട ശക്തി അതുമൂലം ലഭിക്കും. ബലഹീനതകൾക്കു തുണ നിൽക്കുവാനും നേർവഴിയിൽ തന്നെ നിലനിർത്തുവാനും നിങ്ങളോടൊപ്പം എന്നും ഉണ്ടാകും.

ദൈവത്തിന്റെ വചനമാകുന്ന നിയമത്തെ ലംഘിക്കാതിരിക്കുകയും ദൈവത്തെ ആരാധിച്ച് ആത്മാക്കളെ നേടുന്നവരായി മരണപര്യന്തം ജീവിക്കുക. നിത്യജീവൻ ഇവിടെനിന്നും ആരംഭിക്കണം. മരിച്ചശേഷം എന്നേക്കും ദൈവവുമായി വസിക്കുവാൻ ഇപ്പോൾ നിങ്ങൾ തീരുമാനിക്കണം. നിത്യരക്ഷ കരസ്ഥമാക്കുവാൻ അവസരം ഇപ്പോഴാണുള്ളത്, നീട്ടിവെക്കരുത്; തള്ളിക്കളയരുത്; നിങ്ങളെ നഷ്ടപ്പെടുത്താതെ രക്ഷക്കായി ദൈവത്തെ ഏല്പിക്കുക. നിങ്ങൾ അതു ചെയ്യും എന്നു ഞാൻ പ്രത്യാശിക്കുന്നു.

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi—110049.
Mondays— 9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P M.

HINDI —*Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi—110049.
Thursdays— 7 : 15 P.M to 7.30 P.M
Fridays — 8 : 00 P.M. to 8. 15 P. M.
Saturdays —8.00 P.M. to 8 15 P.M
Sundays — 9.00 A,M to 9.15 A.M

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada—533001.
Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P M.
Thursdays - 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL —*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore - 560084.
Tuesdays— 5 : 30 to 5 : 45 P M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.
Tuesdays & Fridays— 3 : 15 to 3 : 30 P.M.

KANNADA—The Voice of truth—Speaker Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis. 90095/ 86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p. m.

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram—695034